©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി VIII

# (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ

## ECONOMIC AFFAIRS

**ആനുകാലിക റിപ്പോർട്ട്**
**(2022 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT AS ON 31ST MARCH 2022)**

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്]**

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**2022 ജൂലൈ 18-ാം തീയതി സമർപ്പിച്ചത്**
(Presented on 18th July, 2022)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2022

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VIII

# (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ

## ECONOMIC AFFAIRS

## ആനുകാലിക റിപ്പോർട്ട്

## (2022 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2022)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

893/2022.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 58 |

# സബ്ജക്ട് കമ്മിറ്റി VIII
# (സാമ്പത്തിക കാര്യങ്ങൾ)
# (2021-2023)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. കെ. എൻ. ബാലഗോപാൽ,
ധനകാര്യ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ,
തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി.

ശ്രീ. വി.എൻ. വാസവൻ,
സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. ബാബു *(തൃപ്പൂണിത്തുറ)*

ഡോ. കെ. ടി. ജലീൽ

ശ്രീ. ഡി. കെ. മുരളി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ഇ. കെ. വിജയൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ -ചാർജ്ജ്

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരം സമർപ്പിക്കുന്നു.

2019 ജനുവരി 7-ാം തീയതി രൂപീകൃതമായ സബ്ജക്ട് കമ്മിറ്റി VIII (2019-2021) പതിനാലാം കേരള നിയമസഭ 2021 മേയ് 3-ന് പിരിച്ചുവിടുന്നതുവരെ തുടരുകയും പതിനഞ്ചാം കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി VIII (2021-2023) 2021 ജൂൺ 7-ാം തിയതി രൂപീകൃതമാവുകയും ചെയ്തു. സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിവിധ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത കാലയളവിൽ സമിതി 9 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 3 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും 3 യോഗങ്ങൾ ബില്ലുകളുടെ പരിഗണനയ്ക്കും 3 യോഗങ്ങൾ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.-കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്കും വിനിയോഗിച്ചു. ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ഹാജർനില ശരാശരി 86% ആയിരുന്നു.

ഏഴ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ അദ്ധ്യായം I-ലും സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ അദ്ധ്യായം II-ലും സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങൾ അദ്ധ്യായം III-ലും നിയമസഭാ ചട്ടം 235 എ പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ അദ്ധ്യായം IV-ലും നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ അദ്ധ്യായം V-ലും ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള (2021-22) ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ എന്നിവ അദ്ധ്യായം VI-ലും സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ അദ്ധ്യായം VII-ലും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2022 ജൂലൈ 14-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**കെ. എൻ ബാലഗോപാൽ,**

*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2022 ജൂലൈ 14.

# റിപ്പോർട്ട്

## <u>അദ്ധ്യായം I</u>

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII താഴെപ്പറയും പ്രകാരം 9 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി.

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-22)
2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2020-21)-ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.
3. 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.
4. Report of the Subject Committee on the Kerala Finance Bill, 2021 and the Bill as reported by the Subject Committee.
5. 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും.
6. Report of the Subject Committee on the Kerala State Goods and Services Tax (Amendment) Bill, 2021 and the Bill as reported by the Subject Committee.
7. Report of the Subject Committee on the Kerala General Sales Tax (Amendment) Bill, 2021 and the Bill as reported by the Subject Committee.
8. 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും.
9. 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും.

893/2022.

## അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

### 1. The Kerala Finance Bill, 2021

The Kerala Finance Bill, 2021, പരിഗണിക്കുന്നതിലേക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവയുമായി 5-8-2021-ൽ സംയുക്തയോഗം ചേരുകയും പ്രസ്തുത ബിൽ ഭേദഗതികളോടെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 6-8-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

### 2. 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പരിഗണിക്കുന്നതിനായി 5-8-2021-ൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-മായി സംയുക്തയോഗം ചേരുകയും പ്രസ്തുത ബിൽ ഭേദഗതികളോടെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 6-8-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

### 3. The Kerala State Goods and Services Tax (Amendment) Bill, 2021

പ്രസ്തുത ബിൽ 5-10-2021-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 11-10-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

### 4. The Kerala General Sales Tax (Amendment) Bill, 2021

The Kerala General Sales Tax (Amendment) Bill, 2021, 5-10-2021-ലെ സമിതിയോഗം പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 11-10-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

### 5. 2021 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

സമിതി 5-10-2021-ൽ ചേർന്ന യോഗത്തിൽ പ്രസ്തുത ബിൽ ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 11-10-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

6. 2021- ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ

2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ 7-10-2021-ൽ ചേർന്ന സമിതിയോഗം ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 13-10-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങൾ

(a) സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ

1. 2020-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതി

(ഫയൽ നമ്പർ 4661/സബ്.സി.ഇ 2/2017/നി.സെ.;

റഫറൻസ് നമ്പർ ഇൻഫ്രാ2/52/2018/ധന., തീയതി 25-11-2020)

2020-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി പദ്ധതി സംബന്ധിച്ച കരട് ചട്ടം 27-7-2021-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

2. 2019-ലെ കേരള ട്രഷറി (ഭേദഗതി) ചട്ടങ്ങൾ

(ഫയൽ നമ്പർ 5294/സബ്.സി.ഇ 2/2020/നി.സെ.;

റഫറൻസ് നമ്പർ 743050/എസ്.എൽ.3/50/ധന., തീയതി 10-11-2020)

പ്രസ്തുത കരട് ചട്ടം 27-7-2021-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

3. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തിക-സ്പെഷ്യൽ റിക്രൂട്ട്മെന്റ്

(ഫയൽ നമ്പർ 1865/സബ്.സി.ഇ 2/2021/നി.സെ.,

റഫറൻസ് നമ്പർ നികുതി-എഫ്1/16168/2014-നി.വ.; തീയതി 20-1-2021)

പ്രസ്തുത കരട് ചട്ടം 27-7-2021-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

4. 2019-ലെ കേരള ട്രഷറി (രണ്ടാമത് ഭേദഗതി) ചട്ടങ്ങൾ
(എസ്.ആർ.ഒ. നമ്പർ 942/2019)- തിരുത്തൽ വിജ്ഞാപനം - കരട്.

(ഫയൽ നമ്പർ 2578/സബ്.സി.ഇ 2/2019/നി.സെ.;

റഫറൻസ് നമ്പർ SL.1/24/2018-ധന., തീയതി 19-2-2022)

2019-ലെ കേരള ട്രഷറി (രണ്ടാമത് ഭേദഗതി) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 942/2019-തിരുത്തൽ വിജ്ഞാപനത്തിന്റെ കരട് 23-3-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും പ്രസ്തുത കരടിലെ ERRATAM എന്ന തലക്കെട്ട് ERRATUM എന്ന് തിരുത്തുന്നതിന് നിർദ്ദേശിക്കുകയും മറ്റ് ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(b) സമിതി പരിഗണിച്ച എസ്.ആർ.ഒ.-കൾ

| ക്രമ നമ്പർ | എസ്.ആർ.ഒ.-കളുടെ വിശദാംശം | സമിതി സാധൂകരണം നൽകിയ തീയതി |
|---|---|---|
| (1) | (2) | (3) |
| I<br>1 | 2017 -ലെ കേരള ചരക്കുസേവന നികുതി നിയമ പ്രകാരം പുറപ്പെടുവിച്ച<br>എസ്.ആർ.ഒ. നമ്പർ 52/2020<br>എസ്.ആർ.ഒ. നമ്പർ 53/2020<br>(ഫയൽ നമ്പർ 1064/സബ്.സി.ഇ 2/2020/നി.സെ.;<br>റഫ. നമ്പർ ബി1/3/2020/നി.വ., തീയതി 11-2-2020 | 27-7-2021 |
| 2 | എസ്.ആർ.ഒ. നമ്പർ 63/2020<br>(ഫയൽ നമ്പർ 1284/സബ്.സി.ഇ 2/2020/നി.സെ.<br>റഫ. നമ്പർ ബി1/5/2020/നി.വ., തീയതി 19-2-2020) | 27-7-2021 |
| 3 | എസ്.ആർ.ഒ. നമ്പർ 160/2020<br>(ഫയൽ നമ്പർ 1940/സബ്.സി.ഇ 2/2020/നി.സെ.;<br>റഫ. നമ്പർ ബി1/26/2020/നി.വ., തീയതി 18-3-2020) | 27-7-2021 |
| 4 | എസ്.ആർ.ഒ. നമ്പർ 285/2020<br>എസ്.ആർ.ഒ. നമ്പർ 286/2020<br>എസ്.ആർ.ഒ. നമ്പർ 287/2020<br>എസ്.ആർ.ഒ. നമ്പർ 288/2020<br>(ഫയൽ നമ്പർ 2013/സബ്.സി.ഇ 2/2020/നി.സെ.;<br>റഫ. നമ്പർ ബി1/33/2020/നി.വ., തീയതി 19-5-2020) | 27-7-2021 |
| 5 | എസ്.ആർ.ഒ. നമ്പർ 314/2020<br>എസ്.ആർ.ഒ. നമ്പർ 315/2020<br>എസ്.ആർ.ഒ. നമ്പർ 316/2020<br>എസ്.ആർ.ഒ. നമ്പർ 317/2020 | 27-7-2021 |

| (1) | (2) | (3) |
|---|---|---|
| | എസ്.ആർ.ഒ. നമ്പർ 318/2020<br>എസ്.ആർ.ഒ. നമ്പർ 319/2020<br>എസ്.ആർ.ഒ. നമ്പർ 320/2020<br>എസ്.ആർ.ഒ. നമ്പർ 321/2020<br>എസ്.ആർ.ഒ. നമ്പർ 322/2020<br>(ഫയൽ നമ്പർ 2508/സബ്.സി.ഇ 2/2020/നി.സെ.;<br>റഫ. നമ്പർ ബി1/35/2020/നി.വ., തീയതി 11-6-2020) | |
| 6 | എസ്.ആർ.ഒ. നമ്പർ 349/2020<br>എസ്.ആർ.ഒ. നമ്പർ 353/2020<br>എസ്.ആർ.ഒ. നമ്പർ 354/2020<br>എസ്.ആർ.ഒ. നമ്പർ 355/2020<br>എസ്.ആർ.ഒ. നമ്പർ 356/2020<br>എസ്.ആർ.ഒ. നമ്പർ 357/2020<br>(ഫയൽ നമ്പർ 2660/സബ്.സി.ഇ 2/2020/നി.സെ.;<br>റഫ. നമ്പർ ബി1/38/2020/നി.വ., തീയതി 17-6-2020) | 27-7-2021 |
| 7 | എസ്.ആർ.ഒ. നമ്പർ 470/2020<br>എസ്.ആർ.ഒ. നമ്പർ 471/2020<br>എസ്.ആർ.ഒ. നമ്പർ 472/2020<br>എസ്.ആർ.ഒ. നമ്പർ 473/2020<br>(ഫയൽ നമ്പർ 3240/സബ്.സി.ഇ 2/2020/നി.സെ.;<br>റഫ. നമ്പർ ബി1/54/2020/നി.വ., തീയതി 18-8-2020) | 27-7-2021 |
| 8 | എസ്.ആർ.ഒ. നമ്പർ 631/2020<br>എസ്.ആർ.ഒ. നമ്പർ 643/2020<br>എസ്.ആർ.ഒ. നമ്പർ 646/2020<br>എസ്.ആർ.ഒ. നമ്പർ 648/2020<br>എസ്.ആർ.ഒ. നമ്പർ 649/2020<br>എസ്.ആർ.ഒ. നമ്പർ 650/2020<br>എസ്.ആർ.ഒ. നമ്പർ 651/2020<br>എസ്.ആർ.ഒ. നമ്പർ 652/2020<br>എസ്.ആർ.ഒ. നമ്പർ 653/2020 | 27-7-2021 |

| (1) | (2) | (3) |
|---|---|---|
| | എസ്.ആർ.ഒ. നമ്പർ 654/2020<br>എസ്.ആർ.ഒ. നമ്പർ 655/2020<br>എസ്.ആർ.ഒ. നമ്പർ 672/2020<br>എസ്.ആർ.ഒ. നമ്പർ 673/2020<br>എസ്.ആർ.ഒ. നമ്പർ 674/2020<br>(ഫയൽ നമ്പർ 4337/സബ്.സി.ഇ 2/2020/നി.സെ.;<br>റഫ. നമ്പർ ബി1/58/2020/നി.വ., തീയതി 23-10-2020) | |
| 9 | എസ്.ആർ.ഒ. നമ്പർ 685/2020<br>എസ്.ആർ.ഒ. നമ്പർ 686/2020<br>(ഫയൽ നമ്പർ 4527/സബ്.സി.ഇ 2/2020/നി.സെ.;<br>റഫ. നമ്പർ ബി1/68/2020/നി.വ., തീയതി 5-11-2020) | 27-7-2021 |
| 10 | എസ്.ആർ.ഒ. നമ്പർ 749/2020<br>എസ്.ആർ.ഒ. നമ്പർ 750/2020<br>എസ്.ആർ.ഒ. നമ്പർ 752/2020<br>എസ്.ആർ.ഒ. നമ്പർ 753/2020<br>എസ്.ആർ.ഒ. നമ്പർ 758/2020<br>എസ്.ആർ.ഒ. നമ്പർ 759/2020<br>എസ്.ആർ.ഒ. നമ്പർ 760/2020<br>(ഫയൽ നമ്പർ 4819/സബ്.സി.ഇ 2/2020/നി.സെ.;<br>റഫ. നമ്പർ ബി1/81/2020/നി.വ., തീയതി 19-11-2020) | 27-7-2021 |
| 11 | എസ്.ആർ.ഒ. നമ്പർ 883/2020<br>എസ്.ആർ.ഒ. നമ്പർ 884/2020<br>(ഫയൽ നമ്പർ 737/സബ്.സി.ഇ 2/2021/നി.സെ.;<br>റഫ. നമ്പർ ബി1/97/2020/നി.വ., തീയതി 8-1-2021) | 15-12-2021 |
| 12 | എസ്.ആർ.ഒ. നമ്പർ 924/2020<br>എസ്.ആർ.ഒ. നമ്പർ 925/2020<br>എസ്.ആർ.ഒ. നമ്പർ 926/2020<br>എസ്.ആർ.ഒ. നമ്പർ 927/2020<br>എസ്.ആർ.ഒ. നമ്പർ 928/2020<br>എസ്.ആർ.ഒ. നമ്പർ 929/2020 | |

| (1) | (2) | (3) |
|---|---|---|
| | എസ്.ആർ.ഒ. നമ്പർ 930/2020<br>എസ്.ആർ.ഒ. നമ്പർ 931/2020<br>എസ്.ആർ.ഒ. നമ്പർ 933/2020<br>എസ്.ആർ.ഒ. നമ്പർ 934/2020<br>എസ്.ആർ.ഒ. നമ്പർ 935/2020<br>എസ്.ആർ.ഒ. നമ്പർ 936/2020<br>എസ്.ആർ.ഒ. നമ്പർ 937/2020<br>എസ്.ആർ.ഒ. നമ്പർ 938/2020<br>എസ്.ആർ.ഒ. നമ്പർ 939/2020<br>(ഫയൽ നമ്പർ 2018/സബ്.സി.ഇ 2/2021/നി.സെ;<br>റഫ. നമ്പർ ബി1/94/2020/നി.വ., തീയതി 28-1-2021) | 15-12-2021 |
| 13 | എസ്.ആർ.ഒ. നമ്പർ 350/2021<br>എസ്.ആർ.ഒ. നമ്പർ 351/2021<br>(ഫയൽ നമ്പർ 7588/സബ്.സി.ഇ 2/2021/നി.സെ;<br>റഫ. നമ്പർ ബി1/26/2021/നി.വ., തീയതി 26-4-2021) | 15-12-2021 |
| 14 | എസ്.ആർ.ഒ. നമ്പർ 547/2021<br>എസ്.ആർ.ഒ. നമ്പർ 548/2021<br>(ഫയൽ നമ്പർ 13521/സബ്.സി.ഇ 2/2021/നി.സെ;<br>റഫ. നമ്പർ ബി1/34/2021/നി.വ., തീയതി 18-8-2021) | 15-12-2021 |
| 15 | എസ്. ആർ. ഒ. നമ്പർ 565/2021<br>എസ്. ആർ. ഒ. നമ്പർ 567/2021<br>(ഫയൽ നമ്പർ 15344/സബ്.സി.ഇ 2/2021/നി.സെ;<br>റഫ. നമ്പർ ബി1/35/2021/നി.വ., തീയതി 23-9-2021) | 23-3-2022 |
| 16 | എസ്. ആർ. ഒ. നമ്പർ 670/2021<br>(ഫയൽ നമ്പർ 15496/സബ്.സി.ഇ 2/2021/നി.സെ;<br>റഫ. നമ്പർ ബി1/47/2021/നി.വ., തീയതി 25-9-2021) | 23-3-2022 |
| 17 | എസ്.ആർ.ഒ. നമ്പർ 752/2021<br>എസ്.ആർ.ഒ. നമ്പർ 753/2021<br>എസ്.ആർ.ഒ. നമ്പർ 754/2021<br>(ഫയൽ നമ്പർ 17994/സബ്.സി.ഇ 2/2021/നി.സെ;<br>റഫ. നമ്പർ ബി1/94/2021/നി.വ., തീയതി 1-11-2021) | 23-3-2022 |

| (1) | (2) | (3) |
|---|---|---|
| 18 | എസ്.ആർ.ഒ. നമ്പർ 773/2021<br>എസ്.ആർ.ഒ. നമ്പർ 777/2021<br>(ഫയൽ നമ്പർ 18881/സബ്.സി.ഇ 2/2021/നി.സെ.;<br>റഫ. നമ്പർ ബി1/134/2021/നി.വ., തീയതി 16-11-2021) | 23-3-2022 |
| 19 | എസ്.ആർ.ഒ. നമ്പർ 1017/2021<br>(ഫയൽ നമ്പർ 1757/സബ്.സി.ഇ 2/2022/നി.സെ;<br>റഫ. നമ്പർ ബി1/155/2021/നി.വ., തീയതി 25-1-2022) | 23-3-2022 |
| II<br>1 | <u>അബ്കാരി നിയമ പ്രകാരം പുറപ്പെടുവിച്ച</u><br>എസ്.ആർ.ഒ. നമ്പർ 223/2019<br>(ഫയൽ നമ്പർ 2222/സബ്.സി.ഇ 2/2019/നി.സെ.;<br>റഫ. നമ്പർ 129/ജി3/2020/നി.വ., തീയതി 3-8-2020) | 27-7-2021 |
| 2 | എസ്.ആർ.ഒ. നമ്പർ 547/2019<br>(ഫയൽ നമ്പർ 6463/സബ്.സി.ഇ 2/2019/നി.സെ.;<br>റഫ. നമ്പർ 31/ജി3/2018/നി.വ., തീയതി 18-12-2020) | 27-7-2021 |
| 3 | എസ്.ആർ.ഒ. നമ്പർ203/2020<br>(ഫയൽ നമ്പർ 2162/സബ്.സി.ഇ 2/2020/നി.സെ;<br>റഫ.നമ്പർ 4301225/ജി1/2020/നി.വ., തീയതി 5-3-2021) | 15-12-2021 |
| 4 | എസ്.ആർ.ഒ. നമ്പർ21/2020<br>(ഫയൽ നമ്പർ 5037/സബ്.സി.ഇ 2/2020/നി.സെ;<br>റഫ. നമ്പർ 3877518/ജി1/2019/നി.വ., തീയതി 23-7-2021) | 15-12-2021 |
| 5 | എസ്.ആർ.ഒ. നമ്പർ 325/2020<br>(ഫയൽ നമ്പർ 4200/സബ്.സി.ഇ 2/2020/നി.സെ;<br>റഫ. നമ്പർ 34/ജി1/2020/നി.വ., തീയതി 3-11-2021) | 23-3-2022 |
| 6 | എസ്.ആർ.ഒ. നമ്പർ 240/2020<br>(ഫയൽ നമ്പർ 13984/സബ്.സി.ഇ 2/2021/നി.സെ;<br>റഫ. നമ്പർ 4316202/ജി1/2019/നി.വ. തീയതി 7-12-2021) | 23-3-2022 |
| 7 | എസ്.ആർ.ഒ. നമ്പർ 241/2020<br>(ഫയൽ നമ്പർ 13985/സബ്.സി.ഇ 2/2021/നി.സെ;<br>റഫ. നമ്പർ 4316202/ജി1/2019/നി.വ., തീയതി 7-12-2021) | 23-3-2022 |

| (1) | (2) | (3) |
|---|---|---|
| 8 | എസ്.ആർ.ഒ. നമ്പർ 242/2020<br>(ഫയൽ നമ്പർ 13986/സബ്.സി.ഇ 2/2021/നി.സെ;<br>റഫ. നമ്പർ 4316202/ജി1/2019/നി.വ., തീയതി 7-12-2021) | 23-3-2022 |
| 9 | എസ്.ആർ.ഒ. നമ്പർ 343/2020<br>(ഫയൽ നമ്പർ 13988/സബ്.സി.ഇ 2/2021/നി.സെ;<br>റഫ. നമ്പർ 34/ജി1/2020/നി.വ., തീയതി 3-12-2021) | 23-3-2022 |
| 10 | എസ്.ആർ.ഒ. നമ്പർ 344/2020<br>(ഫയൽ നമ്പർ 13989/സബ്.സി.ഇ 2/2021/നി.സെ;<br>റഫ. നമ്പർ 34/ജി1/2021/നി.വ., തീയതി 3-12-2021) | 23-3-2022 |
| 11 | എസ്.ആർ.ഒ. നമ്പർ 521/2020<br>(ഫയൽ നമ്പർ 13548/സബ്.സി.ഇ 2/2021/നി.സെ;<br>റഫ. നമ്പർ 3701116/ജി1/2019/നി.വ., തീയതി 6-12-2021) | 23-3-2022 |
| 12 | എസ്.ആർ.ഒ. നമ്പർ 238/2020<br>(ഫയൽ നമ്പർ 13549/സബ്.സി.ഇ 2/2021/നി.സെ;<br>റഫ. നമ്പർ 4310763/ജി1/2021/നി.വ., തീയതി 29-12-2021) | 23-3-2022 |
| 13 | എസ്.ആർ.ഒ. നമ്പർ 239/2020<br>(ഫയൽ നമ്പർ 13550/സബ്.സി.ഇ 2/2021/നി.സെ;<br>റഫ. നമ്പർ 4310763/ജി1/2021/നി.വ., തീയതി 29-12-2021) | 23-3-2022 |
| 14 | എസ്.ആർ.ഒ. നമ്പർ 546/2020<br>(ഫയൽ നമ്പർ 13730/സബ്.സി.ഇ 2/2021/നി.സെ.;<br>റഫ. നമ്പർ 38/ജി1/2020/നി.വ., തീയതി 20-12-2021) | 23-3-2022 |
| 15 | എസ്.ആർ.ഒ. നമ്പർ 201/2020<br>(ഫയൽ നമ്പർ 13983/സബ്.സി.ഇ 2/2021/നി.സെ;<br>റഫ. നമ്പർ 4301213/ജി1/2020/നി.വ., തീയതി 11-1-2022) | 23-3-2022 |
| 16 | എസ്.ആർ.ഒ. നമ്പർ 282/2020<br>(ഫയൽ നമ്പർ 13987/സബ്.സി.ഇ 2/2021/നി.സെ.;<br>റഫ. നമ്പർ24/ജി1/2020/നി.വ., തീയതി 29-12-2021) | 23-3-2022 |

| (1) | (2) | (3) |
|---|---|---|
| 17 | എസ്.ആർ.ഒ. നമ്പർ 203/2021<br>(ഫയൽ നമ്പർ 501/സബ്.സി.ഇ 2/2022/നി.സെ;<br>റഫ. നമ്പർ35/ജി2/2021/നി.വ., തീയതി 5-1-2022) | 23-3-2022 |
| 18 | എസ്.ആർ.ഒ. നമ്പർ 520/2020<br>(ഫയൽ നമ്പർ 13546/സബ്.സി.ഇ 2/2021/നി.സെ;<br>റഫ. നമ്പർ 3701116/ജി1/2019/നി.വ., തീയതി 17-1-2021) | 23-3-2022 |
| III | 2003-ലെ കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം പുറപ്പെടുവിച്ച<br>എസ്.ആർ.ഒ. നമ്പർ 51/2020<br>(ഫയൽ നമ്പർ 849/സബ്.സി.ഇ 2/2020/നി.സെ;<br>റഫ. നമ്പർ ബി3/196/18/നി.വ., തീയതി 3-2-2020) | 27-7-2021 |
| IV | 1963-ലെ കേരള പൊതു വില്പന നികുതി നിയമപ്രകാരം പുറപ്പെടുവിച്ച<br>എസ്.ആർ.ഒ. നമ്പർ 501/2020<br>(ഫയൽ നമ്പർ 3477/സബ്.സി.ഇ 2/2020/നി.സെ;<br>റഫ. നമ്പർ ബി3/233/2019/നികുതി, തീയതി 18-2-2021) | 15-12-2021 |
| V | 1982-ലെ ചിറ്റ് ഫണ്ട് നിയമപ്രകാരം പുറപ്പെടുവിച്ച<br>എസ്.ആർ.ഒ. നമ്പർ 595/2020<br>(ഫയൽ നമ്പർ 4239/സബ്.സി.ഇ 2/2020/നി.സെ;<br>റഫ. നമ്പർ നികുതി സി2/146/2017/നി.വ., തീയതി 30-11-2020) | 15-12-2021 |
| VI | 2020-ലെ കേരള ധനകാര്യ നിയമം/കേരള സംസ്ഥാന ചരക്കുസേവന നികുതി (രണ്ടാം ഭേദഗതി) ഓർഡിനൻസ് എന്നിവ പ്രകാരം പുറപ്പെടുവിച്ച<br>എസ്.ആർ.ഒ. നമ്പർ 147/2021<br>എസ്.ആർ.ഒ. നമ്പർ 148/2021<br>(ഫയൽ നമ്പർ 3870/സബ്.സി.ഇ 2/2021/നി.സെ;<br>റഫ. നമ്പർ ബി1/11/2021/നി.വ., തീയതി 20-2-2021 | 15-12-2021 |

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 എ പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ പ്രത്യേക വിഷയങ്ങൾ ഒന്നും തന്നെ ചർച്ച ചെയ്തിട്ടില്ല.

## അദ്ധ്യായം V

## നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ക്രമ നമ്പർ | റിപ്പോർട്ട് | ധനാഭ്യർത്ഥന നമ്പർ | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 2016-17 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് | VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | നികുതി വകുപ്പ് (രജിസ്ട്രേഷൻ വകുപ്പ്, ട്രഷറി ഡയറക്ടറേറ്റ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്) | 16-3-2022 |
| 2 | 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് | VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | നികുതി വകുപ്പ് (രജിസ്ട്രേഷൻ വകുപ്പ്, ട്രഷറി ഡയറക്ടറേറ്റ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്) | 16-3-2022 |
| 3 | 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് | XVI— പെൻഷനും പലവകയും | കായിക യുവജനകാര്യ വകുപ്പ് (രാജീവ്ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി) | 10-6-2021 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | നികുതി വകുപ്പ് (രജിസ്ട്രേഷൻ വകുപ്പ്, ട്രഷറി ഡയറക്ടറേറ്റ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്) | 16-3-2022 |
| 4 | 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് | XVI—പെൻഷനും പലവകയും | കായിക യുവജനകാര്യ വകുപ്പ് (രാജീവ്ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി) | 10-6-2021 |
| | | VIII—എക്സൈസ് | നികുതി വകുപ്പ് (എക്സൈസ്) | 10-6-2021 |
| | | XI—ജില്ലാഭരണവും പലവകയും XVI—പെൻഷനും പലവകയും | റവന്യൂ വകുപ്പ് (ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്) | 10-6-2021 |
| | | V—ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | 10-6-2021 |
| | | V—ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും | നികുതി വകുപ്പ് (ചരക്ക് സേവന നികുതി വകുപ്പ്) | 10-6-2021 |
| | | X—ട്രഷറികളും അക്കൗണ്ടുകളും | ധനകാര്യവകുപ്പ് | 10-6-2021 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | നികുതി വകുപ്പ് (രജിസ്ട്രേഷൻ വകുപ്പ്, ട്രഷറി ഡയറക്ടറേറ്റ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്) | 16-3-2022 |
| 5 | 2020-21 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് | XVI—പെൻഷനും പലവകയും | സൈനികക്ഷേമ വകുപ്പ് | 12-8-2021 |
| | | XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ | സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് | 12-8-2021 |
| | | XLV— പലവക വായ്പകളും മുൻകൂറുകളും | പൊതുഭരണ (എ.ഐ.എസ്.-സി) വകുപ്പ് | 12-8-2021 |
| | | V—ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും | സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് | 12-8-2021 |
| | | XVI—പെൻഷനും പലവകയും | നികുതി വകുപ്പ് (ഭാഗ്യക്കുറി വകുപ്പ്) | 12-8-2021 |
| | | XVI—പെൻഷനും പലവകയും | പൊതുഭരണ (ന്യൂനപക്ഷക്ഷേമ വകുപ്പ്) | 12-8-2021 |
| | | X—ട്രഷറികളും അക്കൗണ്ടുകളും XI—ജില്ലാഭരണവും പലവകയും XVI—പെൻഷനും പലവകയും | | |

| (1) | (2) | (3) | (4) | (5) |
| --- | --- | --- | --- | --- |
| | | XLIII—നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും XLV—പലവക വായ്പകളും മുൻകൂറുകളും XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | ധനകാര്യവകുപ്പ് | 3-11-2021 |
| | | XVI—പെൻഷനും പലവകയും | കായികയുവജന കാര്യവകുപ്പ് (രാജീവ്ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി) | 16-3-2022 |
| | | XVI—പെൻഷനും പലവകയും | പൊതുഭരണ (പൊളിറ്റിക്കൽ വകുപ്പ്) | 16-3-2022 |
| | | VIII—എക്സൈസ് | നികുതി (എക്സൈസ് വകുപ്പ്) | 16-3-2022 |
| | | XI—ജില്ലാഭരണവും പലവകയും XVI—പെൻഷനും പലവകയും | റവന്യൂ വകുപ്പ് (ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്) | 16-3-2022 |

## അദ്ധ്യായംVI

### a. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള (2021-22) ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

(ഫയൽ നമ്പർ 12979/സബ്.സി.ഇ 2/2021/നി.സെ.)

| റിപ്പോർട്ട് | ആകെ ശിപാർശകൾ | നടപടിപത്രിക ലഭിച്ച ഖണ്ഡികകളും ലഭ്യമാക്കിയ വകുപ്പുകളും | നടപടിപത്രിക ലഭ്യമാക്കാത്ത ഖണ്ഡികകളും ബന്ധപ്പെട്ട വകുപ്പുകളും |
|---|---|---|---|
| ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-22) | 63 | ഖണ്ഡിക നമ്പർ 1-9, 14-38, 42, 43, 60-62 (നികുതി) | ഖണ്ഡിക നമ്പർ 11, 12, 13, 57, 58, 59 (നികുതി)<br>ഖണ്ഡിക നമ്പർ 46 പൊതുഭരണ (ന്യൂനപക്ഷക്ഷേമം) |
| | | ഖണ്ഡിക നമ്പർ 10 (ഊർജ്ജം) | |
| | | ഖണ്ഡിക നമ്പർ 39, 40, 41, 44, 49-56 (ധനകാര്യം) | |
| | | ഖണ്ഡിക നമ്പർ 45 (സൈനിക ക്ഷേമം) | |
| | | ഖണ്ഡിക നമ്പർ 47 (റവന്യൂ) | |
| | | ഖണ്ഡിക നമ്പർ 48 (ധനകാര്യം) | |
| | | ഖണ്ഡിക നമ്പർ 63 (ഗതാഗതം) | |

b. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻവർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

**i. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2016-17)**

(ഫയൽ നമ്പർ 4943/സബ്.സി.ഇ 2/2016/നി.സെ.)

**ശിപാർശ (ഖണ്ഡിക നമ്പർ 15)**

2030-01-102-99—മുദ്രപ്പത്ര വില്പനചെലവുകൾ

ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ വിൽപ്പന വർദ്ധിക്കുന്നതനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

തുക അനുവദിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 16)**

2030-02-102-99—മുദ്രപ്പത്ര വില്പനചെലവുകൾ

നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ വിൽപ്പന വർദ്ധിക്കുന്നതനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 1,100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

തുക അനുവദിച്ചിട്ടില്ല.

[സർക്കാർ കത്ത് നമ്പർ ഇ 3/99/2020/നി.വ., തീയതി 9-11-2020. 15, 16 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി വകുപ്പ് ലഭ്യമാക്കിയ നടപടിപത്രിക 27-7-2021-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസപത്രിക 13-1-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

## ii. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19)

(ഫയൽ നമ്പർ1744/സബ്.സി.ഇ 2/2018/നി.സെ.)

**ശിപാർശ (ഖണ്ഡിക നമ്പർ 1)**

2043-00-001-97-04(2)—കമ്മീഷണറുടെ കാര്യാലയം-യാത്രാ ചെലവുകൾ-സ്ഥലംമാറ്റ ബത്ത

നടപ്പുസാമ്പത്തിക വർഷം ഈ ഇനത്തിൽ ഇതുവരെയുള്ള ചെലവ് 75,514 രൂപയാണ്. ഈ ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതം 58,000 രൂപയായതിനാൽ ഈ ശീർഷകത്തിൽ അധികമായി 42,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ഈ ശീർഷകത്തിലെ ആകെ ചെലവ് 20,000 രൂപ മാത്രമായിരുന്നതിനാൽ അധിക തുക സ്വീകരിക്കേണ്ടതായി വന്നിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 2)**

2043-00-001-97-05(1)—കമ്മീഷണറുടെ കാര്യാലയം-ഓഫീസ് ചെലവുകൾ-വെള്ളക്കരം

ഈ ശീർഷകത്തിൽ ഇതുവരെയുള്ള ചെലവ് 1.41 ലക്ഷം രൂപയാണ്. ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2018-19 വർഷം ബഡ്ജറ്റ് വിഹിതമായി അനുവദിച്ചുകിട്ടിയ തുകയ്ക്ക് പുറമെ റീ-അപ്രോപ്രിയേഷൻ വഴി പതിനായിരം രൂപ G.O. (Rt.) No.1204/2019 dated 18-2-2019 പ്രകാരം അനുവദിച്ചിരുന്നു. ഈ ശീർഷകത്തിലെ ആകെ ചെലവ് 1.54 ലക്ഷം രൂപയാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ 3)**

2043-00-001-97-05(2)—കമ്മീഷണറുടെ കാര്യാലയം-ഓഫീസ് ചെലവുകൾ -വൈദ്യുത ചെലവ്

പ്രതിമാസം ശരാശരി രണ്ടരലക്ഷം രൂപ നിരക്കിൽ ഒരു വർഷം ഏകദേശം 30 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത വർഷം ബഡ്ജറ്റ് വിഹിതമായി അനുവദിച്ചുകിട്ടിയ തുകയ്ക്ക് പുറമെ റീ-അപ്രോപ്രിയേഷൻവഴി 130 ലക്ഷം രൂപ G.O. (Rt.) No. 5628/2018 dated 18-2-2019 പ്രകാരം അനുവദിച്ചിരുന്നു. ഈ ശീർഷകത്തിലെ ആകെ ചെലവ് 100.08 ലക്ഷം രൂപയാണ്. പ്രസ്തുത തുക റീ-അപ്രോപ്രിയേഷൻ വഴി ക്രമീകരിക്കുകയുണ്ടായി.

### ശിപാർശ (ഖണ്ഡിക നമ്പർ 4)

2043-001-97-21(1)—കമ്മീഷണറുടെ കാര്യാലയം-മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

ജി.ഒ. (എംഎസ്.) നമ്പർ 09/2018/ടാക്സ്, തീയതി 27-1-2018 പ്രകാരം ജോയിന്റ് കമ്മീഷണറുടെ ഉപയോഗത്തിന് ഒരു പുതിയ വാഹനം വാങ്ങുവാൻ 12,97,908 രൂപയുടെ ഭരണാനുമതി ലഭിക്കുകയും ഇതിനുവേണ്ടി അഡീഷണൽ ആതറൈസേഷൻ സമർപ്പിക്കുകയും ചെയ്തുവെങ്കിലും ഇതുവരെ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 13 ലക്ഷം രൂപ അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

G.O. (Ms.) No.09/2018/Taxes, dated 27-4-2018 പ്രകാരം ജോയിന്റ് കമ്മീഷണറുടെ ഉപയോഗത്തിന് ഒരു പുതിയ വാഹനം വാങ്ങുവാൻ 12,97,908 രൂപയുടെ ഭരണാനുമതി ലഭിക്കുകയും ഇതിനുവേണ്ടി അഡീഷണൽ ആതറൈസേഷൻ സമർപ്പിക്കുകയും ചെയ്തുവെങ്കിലും ടി സാമ്പത്തിക വർഷം അനുമതി ലഭിക്കാത്തതിനാൽ ഈ ശീർഷകത്തിൽ ചെലവ് ഒന്നും തന്നെ ഇല്ല.

### ശിപാർശ (ഖണ്ഡിക നമ്പർ 5)

2043-00-001-97-34 (03)—കമ്മീഷണറുടെ കാര്യാലയം-മറ്റു ചെലവുകൾ -മറ്റിനം

ജി.ഒ. (ആർടി.) നമ്പർ 06/2018/ടാക്സ്, തീയതി 3-1-2018 പ്രകാരം ജി.എസ്.ടി. നെറ്റ്‌വർക്ക് അഡ്വാൻസ് യൂസർ ചാർജിന്റെ രണ്ടാം ഗഡുവായി 4.3 കോടി രൂപ നൽകുന്നതിന് ഭരണാനുമതി ലഭിച്ചിരുന്നതിനാൽ ഈ ശീർഷകത്തിൽ 4.3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച് കിട്ടിയ തുകയ്ക്ക് പുറമേ 566 ലക്ഷം രൂപ G.O. (Rt.) No.4595/2018/Taxes, dated 30-5-2018 പ്രകാരം അഡീഷണൽ ആതറൈസേഷൻ ആയി ലഭിച്ചിരുന്നു. പ്രസ്തുത ശീർഷകത്തിൽ ആകെ ചെലവ് 840.29 ലക്ഷം രൂപയാണ്.

### ശിപാർശ (ഖണ്ഡിക നമ്പർ 6)

2043-00-001-97-05(1)—ചരക്കുസേവന നികുതി കാര്യാലയങ്ങൾ-ഓഫീസ് ചെലവുകൾ-വെള്ളക്കരം

ഈ ശീർഷകത്തിൽ ഇതുവരെയുള്ള ചെലവ് 6.86 ലക്ഷം രൂപയാണ്. നിലവിൽ എറണാകുളം ജില്ലാ ഓഫീസിന് 1 ലക്ഷം രൂപയോളം ഈ ഇനത്തിൽ കുടിശ്ശികയുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിലെ ആകെ ചെലവ് 5.94 ലക്ഷം രൂപ ആയിരുന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 7)**

2043-00-101-97-06—ചരക്കുസേവന നികുതി കാര്യാലയങ്ങൾ-വാടക, കരം, നികുതി

പ്രസ്തുത ശീർഷകത്തിൽ ഇതുവരെയുള്ള ചെലവ് 1.4 കോടി രൂപയാണ്. എറണാകുളം ജില്ലയ്ക്ക് മാത്രമായി ഈ വർഷം ഇനിയും 6 ലക്ഷം രൂപ കൂടി ആവശ്യമുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വകുപ്പിന്റെ ഫെസിലിറ്റേഷൻ സെന്ററുകൾക്ക് 18% ജി.എസ്.ടി. ആവശ്യപ്പെട്ടിരിക്കുന്നതിനാൽ വാടക ഇനത്തിൽ അധികചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ ആകെ ചെലവ് 143.43 ലക്ഷം രൂപ ആണ്. അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ 8)**

2043-00-101-97-18—ചരക്കുസേവന നികുതി കാര്യാലയങ്ങൾ- സംരക്ഷണം

ഈ ശീർഷകത്തിൽ ഇതുവരെയുള്ള ചെലവ് 9.94 ലക്ഷം രൂപയാണ്. ഭരണാനുമതി കിട്ടിയ പ്രവൃത്തികളിൽ ആലപ്പുഴ, കോട്ടയം എന്നീ ജില്ലകൾക്ക് യഥാക്രമം 13.95 ലക്ഷം രൂപയും 40.31 ലക്ഷം രൂപയും കൊടുക്കാനുണ്ട്. അസിസ്റ്റന്റ് കമ്മീഷണർ (ട്രെയിനിംഗ്) തിരുവനന്തപുരം ഓഫീസിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 17.44 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ ആകെ ചെലവ് 5 ലക്ഷം രൂപ ആണ്. അധിക തുക സ്വീകരിച്ചില്ല.

[സർക്കാർ കത്ത് നമ്പർ ഡി3/763/2019/നി.വ., തീയതി 2-12-2020; 1 മുതൽ 8 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 27-7-2021-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസ പത്രിക 13-1-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

**ശിപാർശ (ഖണ്ഡിക നമ്പർ 27)**

2075-00-800-98—രാജീവ്ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി - വിഹിതം

ഈ ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 125 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2018-19 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുകയായ 2,42,48,000 രൂപയ്ക്ക് പുറമേ അധിക തുക അനുവദിച്ചിട്ടില്ല.

[സർക്കാർ കത്ത് നമ്പർ 22/ബി1/2020/കാ.യു.വ. തീയതി 9-4-2021; 27-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ കായികയുവജനകാര്യ വകുപ്പ് ലഭ്യമാക്കിയ നടപടിപത്രിക 23-3-2021-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസപത്രിക 10-6-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

**iii. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20)**

(ഫയൽ നമ്പർ 3721/സബ്.സി.ഇ 2/2019/നി.സെ.)

**ശിപാർശ (ഖണ്ഡിക നമ്പർ 14)**

2045-00-103-99-06

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് —വാടക, കരം, നികുതി

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ ചീഫ് ഓഫീസ് പ്രവർത്തിക്കുന്ന ഹൗസിംഗ് ബോർഡ് മന്ദിര സമുച്ചയത്തിന്റെ വാടകയായി 30.39 ലക്ഷം രൂപ ഹൗസിംഗ് ബോർഡിന് കുടിശ്ശികയായി നൽകേണ്ടതുണ്ട്. പ്രസ്തുത ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 30.39379 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2019-20 സാമ്പത്തിക വർഷത്തിൽ "2045-00-103-99-06-RRT(NP)" ശീർഷകത്തിൽ അവസാന ബാച്ച് ഉപധനാഭ്യർത്ഥനയിൽ വിഷയനിർണ്ണയ സമിതി VIII-ന്റെ ശിപാർശ അനുസരിച്ച് 30,39,379 രൂപ വകയിരുത്തുന്നതിനുള്ള ശിപാർശ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ സമർപ്പിച്ചിരുന്നുവെങ്കിലും ധനകാര്യ വകുപ്പ് പ്രസ്തുത ശിപാർശ പരിഗണിച്ചില്ല.

ധനകാര്യ വകുപ്പ് പ്രസ്തുത ശിപാർശ നിരസിച്ച സാഹചര്യത്തിൽ "2045-00-103-99-06-RRT(NP)" ശീർഷകത്തിൽ 30.39379 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന ബഹു. സമിതിയുടെ ശിപാർശ പരിഗണിക്കാൻ നിർവാഹമില്ല.

[സർക്കാർ കത്ത് നമ്പർ PWR-A3/146/2019-POWER, തീയതി 12-3-2021; 14-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ഊർജ്ജ വകുപ്പ് ലഭ്യമാക്കിയ നടപടിപത്രിക 15-12-2021-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസ പത്രിക 10-6-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

**ശിപാർശ (ഖണ്ഡിക നമ്പർ 15)**

2030-01-101-99—<u>മുദ്രപ്പത്രങ്ങൾ ജുഡീഷ്യൽ - സ്റ്റാമ്പിന്റെ വില</u>

നാസിക് ഇന്ത്യ സെക്യൂരിറ്റി പ്രസ്സിൽ നിന്നും വാങ്ങിയ മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും അച്ചടി കൂലിയായി 78.342 ലക്ഷം രൂപ നൽകാനുള്ളതിനാലും 1-7-2017 മുതൽ അച്ചടി കൂലി ബില്ലിന്മേൽ 12% ബിൽ തുക ജി.എസ്.റ്റി. ആയി അധികം നൽകേണ്ടതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണ്. ആകയാൽ പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2030-01-101-99(NP) ശീർഷകത്തിൽ 71,81,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. [സ.ഉ. (സാധാ.) നം. 2237/2020/ധന. തീയതി 17-3-2020, സ.ഉ. (സാധാ.) നം. 535/2020/ധന. തീയതി 20-1-2020]

**ശിപാർശ (ഖണ്ഡിക നമ്പർ 16)**

2030-02-101-99—<u>മുദ്രപ്പത്രങ്ങൾ നോൺ ജുഡീഷ്യൽ - സ്റ്റാമ്പിന്റെ വില</u>

നാസിക് ഇന്ത്യ സെക്യൂരിറ്റി പ്രസ്സിൽ നിന്നും വാങ്ങിയ മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും അച്ചടി കൂലിയായി 14.146212 കോടി രൂപ കൂടി നൽകേണ്ടതിനാലും 1-7-2017 മുതൽ അച്ചടി കൂലി ബില്ലിൻമേൽ 12% ബിൽ തുക ജി.എസ്.റ്റി. ആയി അധികം നൽകേണ്ടതിനാലും ഇപ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. മേൽസാഹചര്യത്തിൽ ടി ശീർഷകത്തിൽ അധികമായി 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2030-02-101-99-(NP) ശീർഷകത്തിൽ 11,50,38,000 രൂപയും അധിക ധനാനുമതിയായി ഇതിനോടകം നൽകിയിട്ടുണ്ട്. [സ.ഉ. (സാധാ.) നമ്പർ 2237/2020/ ധന. തീയതി 17-3-2020, സ.ഉ. (സാധാ.) നമ്പർ 535/2020/ധന. തീയതി 20-1-2020]

[സർക്കാർ കത്ത് നമ്പർ ജെ3/183/2019/നി.വ. തീയതി 20-7-2021: 15, 16 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി വകുപ്പ് ലഭ്യമാക്കിയ നടപടിപത്രിക 15-12-2021-ലെ സമിതിയോഗം പരിഗണിക്കുകയും ആയതിന്മേലുള്ള കാലതാമസ പത്രിക 3-11-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

**ശിപാർശ (ഖണ്ഡിക നമ്പർ 36)**

2075-00-103-99-08—ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പന-പരസ്യം, പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ

ദൃശ്യ-ശ്രവ്യ, അച്ചടി മാധ്യമങ്ങളിലൂടെയുള്ള ലോട്ടറിയുടെ പരസ്യം, നറുക്കെടുപ്പ്, ഫലപ്രസിദ്ധീകരണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക തികച്ചും അപര്യാപ്തമാണ്. ഉയർന്ന വിറ്റുവരവ് ലക്ഷ്യം കൈവരിക്കുന്നതിനായി കൂടുതൽ പരസ്യങ്ങൾ നൽകുന്നതിലേക്ക് 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2019-20 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് പ്രൊവിഷൻ 25 കോടി രൂപയും ആകെ ചെലവ് 28.16 കോടി രൂപയുമാണ്.

ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ച 25 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ച ശേഷം അധിക തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമാക്കുകയും റീ-അപ്രോപ്രിയേഷൻ മുഖേന 5 കോടി രൂപ ടി ശീർഷകത്തിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആകെ 30 കോടി രൂപ (RS.25 Crore (BE)+Rs. 5 crore(RE)=30 Crore)

2020 മാർച്ച് മാസം ലോക്ക് ഡൗൺ, ട്രഷറി നിയന്ത്രണം എന്നിവ കാരണം യഥാസമയം ബില്ലുകൾ സമർപ്പിക്കാൻ ഓഫീസുകൾക്ക് സാധിക്കാതെ വന്നതിനാൽ റീ-അപ്രോപ്രിയേഷൻ മുഖേന ലഭ്യമാക്കിയ ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞിരുന്നില്ല. ബാലൻസ് തുക സറണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

### ശിപാർശ (ഖണ്ഡിക നമ്പർ 37)

2075-00-103-98—സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെ കമ്മീഷൻ

ലോട്ടറി വിറ്റുവരവ് കൂടുന്നതനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള സമ്മാനം എന്നിവയ്ക്ക് ആനുപാതികമായ വർദ്ധനവുണ്ടാകും. മൊത്തം വിറ്റുവരവിന്റെ 30% ഈ ഇനത്തിൽ ചെലവഴിക്കേണ്ടിവരുമെന്നതിനാൽ ഏകദേശം 3559 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ 614 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2019-20 സാമ്പത്തികവർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് പ്രൊവിഷൻ 2,945 കോടി രൂപയും ചെലവ് 3,003.83 കോടി രൂപയുമാണ്.

ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ച 2945 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ച ശേഷം അധിക തുക ലഭ്യമാക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുകയും അഡീഷണൽ ആതറൈസേഷൻ മുഖേന 155 കോടി രൂപ (RS.2945 Crore (BE)+Rs. 155 crore(AA)=Rs.3100 Crore) ടി ശീർഷകത്തിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

അധിക ചെലവ് റഗുലറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

### ശിപാർശ (ഖണ്ഡിക നമ്പർ 38)

2075-00-103-93-05-(2)—ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ-ഓഫീസ് ചെലവുകൾ വൈദ്യുത ചെലവ്

ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ വൈദ്യുത ചെലവ് ഇനത്തിൽ അനുവദിച്ച തുക 2019-2020 സാമ്പത്തിക വർഷത്തെ ചെലവ് വഹിക്കുന്നത് തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2019-20 സാമ്പത്തികവർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് പ്രൊവിഷൻ 11,00,000 രൂപയും ആകെ ചെലവ് 19,14,559 രൂപയുമാണ്. വകുപ്പ് ആവശ്യപ്പെട്ടതിൻ പ്രകാരം ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ച 11,00,000 രൂപയ്ക്ക് പുറമേ 2,50,000 രൂപ റീ അപ്രോപ്രിയേഷൻ മുഖേനയും 7,50,000 രൂപ അഡീഷണൽ ആതറൈസേഷൻ മുഖേനയും അനുവദിച്ചിട്ടുണ്ട്.

അധിക ചെലവ് റഗുലറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

### ശിപാർശ (ഖണ്ഡിക നമ്പർ 39)

2075-00-103-93-05-(3)—ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ-ഓഫീസ് ചെലവുകൾ ടെലിഫോൺ ചെലവ്

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2019-20 സാമ്പത്തികവർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് പ്രൊവിഷൻ 11,02,000 രൂപയും ആകെ ചെലവ് 11,30,635 രൂപയുമാണ്.

ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ച 11,02,000 രൂപ പൂർണ്ണമായും വിനിയോഗിച്ച ശേഷം അധികതുക ലഭ്യമാക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുകയും റീ അപ്രോപ്രിയേഷൻ മുഖേന 1,37,000 രൂപ ടി ശീർഷകത്തിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2020 മാർച്ച് മാസത്തെ ലോക്ക് ഡൗൺ, ട്രഷറി നിയന്ത്രണം എന്നിവ കാരണം യഥാസമയം ബില്ലുകൾ സമർപ്പിക്കാൻ ഓഫീസുകൾക്ക് സാധിക്കാതെ വന്നതിനാൽ റീ അപ്രോപ്രിയേഷൻ മുഖേന ലഭ്യമാക്കിയ ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

ബാലൻസ് തുക സറണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

### ശിപാർശ (ഖണ്ഡിക നമ്പർ 40)

2075-00 -103-93-06—ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ - വാടക, കരം, നികുതി

നാല് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളും 15 സബ് ഓഫീസുകളും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ 2019-20 സാമ്പത്തിക വർഷത്തിൽ വാടകയിനത്തിൽ 50.92 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 15.21 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2019-20 സാമ്പത്തികവർഷം ഈ ഇനത്തിലെ ആകെ ചെലവ് 59,64,031 രൂപയാണ്.

ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ച 35,71,000 രൂപ പൂർണ്ണമായും വിനിയോഗിച്ച ശേഷം അധിക തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുകയും 23,25,000 രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

അധികചെലവ് റഗുലറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

### ശിപാർശ (ഖണ്ഡിക നമ്പർ 41)

2075-00-103-89—<u>സംസ്ഥാന ഭാഗ്യക്കുറി-സെക്യൂരിറ്റി ഡിസൈൻ ലാബ് സ്ഥാപിക്കൽ</u>

സെക്യൂരിറ്റി ഡിസൈൻ ലാബിലെ ജീവനക്കാരുടെ ശമ്പളം, കൺസൽട്ടൻസി ചാർജ്ജ്, യാത്രാബത്ത, ടിക്കറ്റ് എക്സാമിനേഷൻ ചാർജ്ജ് എന്നിവ ഈ ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനാൽ ഈ ഇനത്തിൽ 12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2019-20 സാമ്പത്തികവർഷം ഈ ഇനത്തിലെ ആകെ ചെലവ് 7,36,320 രൂപയാണ്.

2019-20 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ ബഡ്ജറ്റ് പ്രൊവിഷനായി തുകയൊന്നും വകയിരുത്തിയിട്ടില്ല. അഡീഷണൽ ആതറൈസേഷൻ മുഖേന ടി ശീർഷകത്തിൽ 24,45,000 രൂപ അനുവദിച്ചിട്ടുണ്ട്.

അധികചെലവ് റഗുലൈറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ Taxes-H1/246/2019-Taxes. തീയതി 13-11-2020; 36 മുതൽ 41 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 27-7-2021-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസ പത്രിക 13-1-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

### ശിപാർശ (ഖണ്ഡിക നമ്പർ 44)

2075-00-800-94—<u>ഡിഫൻസ് സർവ്വീസുകളിലെ ധീരതയ്ക്കുള്ള കീർത്തിമുദ്ര ക്കർഹരായവർക്കും ആശ്രിതർക്കും ക്യാഷ് അവാർഡ് മറ്റു ചെലവുകൾ</u>

ഗാലന്ററി അവാർഡ് ജേതാക്കൾക്ക് 1 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ നൽകി വന്നിരുന്ന ക്യാഷ് അവാർഡ് 2 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപ വരെയായും നോൺ ഗാലന്ററി അവാർഡ് ജേതാക്കൾക്ക് 10,000 രൂപ മുതൽ 50,000 രൂപ വരെ നൽകി വന്നിരുന്ന ക്യാഷ് അവാർഡ് 25,000 രൂപ മുതൽ 1 ലക്ഷം രൂപ വരെയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2075-00-800-94 ഡിഫൻസ് സർവ്വീസുകളിലെ ധീരതയ്ക്കുള്ള കീർത്തിമുദ്ര ക്കർഹരായവർക്കും ആശ്രിതർക്കും ക്യാഷ് അവാർഡ് മറ്റു ചെലവുകൾ എന്ന കണക്കിനത്തിൽ 2019-20 സാമ്പത്തിക വർഷം ആകെ 50 ലക്ഷം രൂപയാണ് അനുവദിച്ചത്. അതിൽ നിന്നും 45,99,000 രൂപ വിവിധ പുരസ്കാര ജേതാക്കൾക്ക് അനുവദിച്ചിരുന്നു.

സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശപ്രകാരം പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിക്കുന്നതിനുള്ള ഉപധനാഭ്യർത്ഥന പ്രൊപ്പോസൽ ധനകാര്യവകുപ്പിന് സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത പ്രൊപ്പോസൽ ധനവകുപ്പ് നിരസിച്ചിട്ടുള്ളതും മേൽ ആവശ്യം അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് മാറ്റി വയ്ക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

ഇപ്രകാരം അധിക തുക അനുവദിയ്ക്കാത്തതിനാൽ 2019-20 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ നിന്നും അനുവദിക്കേണ്ട 32,00,000 രൂപ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് അനുവദിച്ചിട്ടുള്ളത്.

[സർക്കാർ കത്ത് നമ്പർ SW3/11/2020/സൈ.ക്ഷേ.വ. തീയതി 19-10-2020 44-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ സൈനികക്ഷേമ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 27-7-2021-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസ പത്രിക 13-1-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

**ശിപാർശ (ഖണ്ഡിക നമ്പർ 48)**

2075-00-800-78—<u>മറ്റ് ചെലവുകൾ-വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനുവേണ്ടിയുള്ള പ്രത്യേക ധനസഹായം</u>

കേരള സ്റ്റേറ്റ് വഖഫ് ബോർഡ് സോഷ്യൽ വെൽഫയർ (കേരള) സ്കീം പ്രകാരം നൽകിവരുന്ന മാരകരോഗ ചികിൽസാ ധനസഹായം, വിവാഹധനസഹായം എന്നീ ഇനങ്ങളിൽ 2014 വർഷം മുതൽ ലഭിച്ച അപേക്ഷകർക്ക് മുടങ്ങി കിടക്കുന്ന ധനസഹായം നൽകുന്നതിനും പ്രതിമാസ പെൻഷൻ വിതരണം സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിനുമായി ടി ശീർഷകത്തിലേക്ക് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 8.68 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2017-18 മുതൽ 2019-20 വരെയുള്ള സാമ്പത്തികവർഷങ്ങളിൽ കേരള സ്റ്റേറ്റ് വഖഫ് ബോർഡിന് സോഷ്യൽ വെൽഫെയർ ഗ്രാന്റ് ഇനത്തിൽ നൽകാൻ കുടിശ്ശിക ആയിട്ടുള്ള 119.76 ലക്ഷം രൂപ 2020-21 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ റവ-എഫ്2/301/2019-റവ., തീയതി 11-11-2020; ഖണ്ഡിക നമ്പർ 48-ലെ ശിപാർശയിന്മേൽ റവന്യൂ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 27-7-2021-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസ പത്രിക 13-1-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

**ശിപാർശ (ഖണ്ഡിക നമ്പർ 50)**

3454-02-112-89—സാമ്പത്തികസ്ഥിതി വിവരകണക്കുകൾ-ഭാരതീയ സ്ഥിതി വിവര കണക്ക് ശക്തിപ്പെടുത്തൽ പദ്ധതി (ഐ.എസ്.എസ്.പി.) സംസ്ഥാന പദ്ധതി

സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (SASA) ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് 4.41 കോടി രൂപ ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും 2018-19 സാമ്പത്തിക വർഷം ലഭ്യമായ തുക 3.31 കോടി രൂപ മാത്രമാണ്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അടുത്ത സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 1.10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അധിക തുക അനുവദിച്ചില്ല. സാസായുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തികരിക്കുന്നതിനായി വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്ത 1.10 കോടി രൂപ (ഒരു കോടി പത്ത് ലക്ഷം രൂപ മാത്രം) "3454-02-112-89-00-34-03-P-V" ശീർഷകത്തിൽ അധിക തുകയായി അനുവദിക്കണമെന്ന ആവശ്യം തൽക്കാലം പരിഗണിക്കുവാൻ നിർവാഹമില്ല എന്നും പദ്ധതിക്കായി കേന്ദ്രത്തിൽ നിന്നും ലഭിച്ച തുകയുടെ വിനിയോഗം, പ്രവർത്തികളുടെ പുരോഗതി, തീർപ്പാക്കാൻ

അവശേഷിക്കുന്ന ബില്ലുകളുടെ വിശദാംശം എന്നിവ സഹിതം ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് അധിക തുക വകയിരുത്തുന്ന കാര്യം പരിഗണിക്കുന്നതാണ് എന്നും 23/09/2020-ലെ ബി1/368/2019/പ്ലാനിംഗ് നമ്പർ കത്ത് പ്രകാരം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 368/ബി1/2019/പ്ലാനിംഗ്, തീയതി 17-11-2020; 50-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 27-7-2021-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസ പത്രിക 13-1-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

**ശിപാർശ (ഖണ്ഡിക നമ്പർ 52)**

7610-00-800-95(02)—സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് നൽകുന്ന പലിശയില്ലാത്ത മുൻകൂറുകൾ - നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർ

ഈ ഇനത്തിൽ മുൻവർഷത്തെ ചെലവ് കണക്കിലെടുത്ത് നടപ്പ് വർഷം കൂടുതൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തെ നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് നൽകി വരുന്ന മുൻകൂർ പലിശരഹിത ചികിത്സാ വായ്പകൾക്കായി 2019-20 സാമ്പത്തിക വർഷം 8,25,00,000 രൂപ (എട്ടുകോടി ഇരുപത്തിയഞ്ചു ലക്ഷം രൂപ മാത്രം) വകയിരുത്തിയിരുന്നു. അപേക്ഷകർ അധികമായി വന്ന സാഹചര്യത്തിൽ, അധിക ധനാനുമതി വഴി 75,00,000 രൂപ (എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) അനുവദിക്കപ്പെട്ടിട്ടുണ്ട് [G.O. (Rt.) No.1770/ 2020/Fin. dated 2-3-2020 പ്രകാരം 50,00,000 G.O. (Rt.) No.1549/2020/Fin. dated 25-2-2020 പ്രകാരം 25,00,000], എന്നാൽ പലിശരഹിത വായ്പയുടെ പ്രാധാന്യം കണക്കിലെടുത്ത് ബഹു.ധനമന്ത്രിയുടെ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ അനുമതി ലഭ്യമാക്കി ടി ശീർഷകത്തിൽ നിന്നും ആകെ 9,18,22,611 രൂപ (as per BAMS) അധികമായി 18,22,611 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഇതിൽ അധിക ധനാനുമതി വഴി ലഭ്യമാക്കിയ 75,00,000 രൂപയും കൂടുതലായി ചെലവഴിച്ച 18,22,611 രൂപയും ചേർത്ത് ആകെ 93,22,611 രൂപ G. O. (Rt.) No.3273/ 2020/Fin. dated 28-5-2020 പ്രകാരം ക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ 53)**

7610-00-800-90—മറ്റ് വായ്പകൾ-ക്ലാസ്സ് IV ജീവനക്കാരുടെ പെൺ മക്കളുടെ വിവാഹച്ചെലവുകൾ നേരിടുന്നതിനായുള്ള മുൻകൂർ വായ്പ

മുൻവർഷത്തെ ചെലവ് കണക്കിലെടുത്ത് 2019-2020 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ കൂടുതൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ക്ലാസ് ഫോർ ജീവനക്കാരുടെ പെൺമക്കളുടെ വിവാഹചെലവുകൾ നേരിടുന്നതിനുള്ള മുൻകൂർ വായ്പകൾക്കായി 2019-20-ലെ ബഡ്ജറ്റിൽ 35,00,000 രൂപ (മുപ്പത്തിയഞ്ചു ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. അപേക്ഷകർ കൂടുതലായ സാഹചര്യത്തിൽ 55,00,000 (അൻപത്തിയഞ്ച് ലക്ഷം രൂപ മാത്രം) അധിക ധനാനുമതിയായി നേടിയിരുന്നു. ആയതിൽ ശേഷിച്ച 73,40,000 രൂപ (എഴുപത്തിമൂന്ന് ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) ചെലവായിട്ടുണ്ട്. ശേഷിച്ച 38,40,000 രൂപ (മുപ്പത്തിയെട്ട് ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) ക്രമീകരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ എൽ.2/213/2020-ധന., തീയതി 5-10-2020; 52, 53 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 27-7-2021-ലെ സമിതിയോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നമ്പർ 58)**

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ NOC ലഭിക്കുന്നതിനുള്ള കാലതാമസം കാരണം നിരവധി പി.ഡബ്ല്യൂ.ഡി വർക്കുകൾ പൂർത്തിയാക്കാനും പണി പൂർത്തിയായ കെട്ടിടങ്ങൾ ഉപയോഗിക്കാനും കഴിയുന്നില്ലെന്നും, കിഫ്ബിയിലുൾപ്പെടുത്തി ആരംഭിച്ച കാത്ത് ലാബുകൾ, ആശുപത്രികൾ തുടങ്ങിയവ പ്രവർത്തന സജ്ജമാക്കാൻ സാധിക്കുന്നില്ലെന്നും സമിതി വിലയിരുത്തുന്നു. ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തണമെന്നും കാലതാമസം വന്നിട്ടുള്ള കേസ്സുകൾ ആഭ്യന്തരമായി പരിശോധിച്ച് അടിയന്തരനടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും NOC ലഭിക്കുന്നതിനുള്ള കാലതാമസംമൂലം പൂർത്തിയാക്കാൻ സാധിക്കാതെ പോയ 43 പി.ഡബ്ല്യൂ.ഡി. വർക്കുകൾക്കാണ് വിവിധ ജില്ലകളിലായി NOC നൽകാനുള്ളത്. ഡ്രോയിംഗുകളിലെ ന്യൂനതകൾ പരിഹരിച്ച് പുതുക്കി സമർപ്പിക്കാത്ത 17 എണ്ണവും പ്രതിഷ്ഠാപനങ്ങളുടെ പരിശോധന നടത്തുന്നതിനായി പൂർത്തികരണ റിപ്പോർട്ട് സമർപ്പിക്കാത്ത 14 എണ്ണവും വൈദ്യുത

പ്രതിഷ്ഠാപന പരിശോധനയിൽ കണ്ട ന്യൂനതകൾ പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കാത്ത 12 എണ്ണവും ഇതിൽ ഉൾപ്പെടുന്നു. ഈ ന്യൂനതകൾ പരിഹരിച്ച് പൊതുമരാമത്ത് വകുപ്പിൽ നിന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് NOC നൽകുന്ന നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്.

[സർക്കാർ കത്ത് നമ്പർ PWR-A3/146/2019-POWER. തീയതി 12-3-2021; 58-ാം ഖണ്ഡികയിലെ പൊതുശിപാർശയിന്മേൽ ഊർജ്ജ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 15-12-2021-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസ പത്രിക 10-6-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

**ശിപാർശ (ഖണ്ഡിക നമ്പർ 61)**

എക്സൈസ് വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ സ്കൂൾ/കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ലഹരിവിരുദ്ധ ക്ലബുകളുടെ നേതൃത്വത്തിൽ നടത്തുന്ന ലഹരിമരുന്നുപയോഗത്തിനെതിരെയുള്ള ബോധവൽക്കരണവും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. ലഹരിമരുന്നുപയോഗത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിലേയ്ക്കായി ബോധവൽക്കരണ പ്രസംഗങ്ങൾക്ക് പകരം ലഹരിമരുന്ന് ഉപയോഗിക്കുന്നവർക്കുണ്ടാകാൻ സാധ്യതയുള്ള രോഗങ്ങൾ, ലഹരിമരുന്നുപയോഗംമൂലം വായ്, ശ്വാസകോശം, വൃക്കകൾ തുടങ്ങി വിവിധ ശരീരഭാഗങ്ങൾക്ക് രോഗം ബാധിക്കുമ്പോഴുണ്ടാകുന്ന മാറ്റങ്ങൾ, ലഹരിമരുന്നുപയോഗം മൂലമുണ്ടാകുന്ന ശാരീരിക മാനസിക പ്രശ്നങ്ങൾ ഇവയെല്ലാം തുറന്നുകാട്ടുന്ന വിവിധ ദൃശ്യങ്ങൾ പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതിനും ഹ്രസ്വചിത്രങ്ങൾ കലണ്ടറുകൾ എന്നിവ കാമ്പസുകളിൽ പ്രദർശിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നതിനും ഇവയുടെ ദൂഷ്യഫലങ്ങൾ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ നിരന്തരം പരസ്യപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ജില്ലകളിൽ നടത്തുന്ന ബോധവത്കരണ പ്രവർത്തനങ്ങളിൽ ലഹരിമരുന്ന് ഉപയോഗം മൂലമുണ്ടാകുന്ന ശാരീരിക മാനസിക പ്രശ്നങ്ങൾ വിവരിക്കുന്ന നോട്ടീസുകളും പോസ്റ്ററുകളും ഉപയോഗിക്കുന്നുണ്ട്. പൊതുസ്ഥലങ്ങളിൽ സംഘടിപ്പിക്കുന്ന ബോധവത്കരണ സ്റ്റാളുകളിൽ ലഹരിമരുന്നുപയോഗം മൂലം വായ്, ശ്വാസകോശം, കരൾ ഹൃദയം, വൃക്ക തുടങ്ങി വിവിധ ശരീരഭാഗങ്ങൾക്ക് രോഗം ബാധിക്കുമ്പോഴുണ്ടാകുന്ന മാറ്റങ്ങൾ എന്നിവയുൾക്കൊള്ളുന്ന ബോധവത്കരണ ചിത്രങ്ങളും നോട്ടീസുകളും പ്രദർശിപ്പിക്കുകയും ലഘുലേഖകൾ വിതരണം നടത്തുകയും ചെയ്തിട്ടുള്ളതാണ്. സ്കൂളുകളിലും കോളേജുകളിലും ലഹരിയുടെ ദൂഷ്യഫലങ്ങൾ പ്രതിപാദിക്കുന്ന പോസ്റ്റർ പ്രദർശനം, ഹ്രസ്വചിത്ര പ്രദർശനം എന്നിവ നടത്തിയിട്ടുണ്ട്.

എഫ്.എം. റേഡിയോകൾ, പ്രമുഖ ടി.വി. ചാനലുകൾ, അച്ചടി മാധ്യമങ്ങൾ എന്നിവ വഴി ലഹരി വിരുദ്ധ പ്രചാരണം ലക്ഷ്യംവച്ചുള്ള സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. വിമുക്തി മിഷന്റെ വെബ്സൈറ്റ്, നവമാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ്ആപ്പ് എന്നിവയിലൂടെ അനിമേഷൻ പോലെയുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തിയും, പോസ്റ്ററുകൾ ട്രോൾ ഇമേജുകൾ തുടങ്ങിയവയിലൂടെയും ലഹരി വിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്.

[സർക്കാർ കത്ത് നമ്പർ 73/ജി2/2019/നി.വ., തീയതി 21-12-2020; 61-ാം ഖണ്ഡികയിലെ പൊതുശിപാർശയിന്മേൽ നികുതി വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 27-7-2021-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസപത്രിക 13-1-2021-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

(iv) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2020-21) (ഫയൽ നമ്പർ1810/സബ്.സി.ഇ 2/2020/നി.സെ.)

**ശിപാർശ (ഖണ്ഡിക നമ്പർ - 5)**

2045-00-103-99-06—<u>ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - വാടക, കരം, നികുതി</u>

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ ചീഫ് ഓഫീസ് പ്രവർത്തിക്കുന്ന ഹൗസിംഗ് ബോർഡ് കെട്ടിട സമുച്ചയത്തിന്റെ വാടകയായി 30.39379 ലക്ഷം രൂപ ഹൗസിംഗ് ബോർഡിന് കുടിശ്ശികയായി നൽകേണ്ടതുണ്ട്. പ്രസ്തുത ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 30.39379 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ ചീഫ് ഓഫീസ് പ്രവർത്തിക്കുന്ന ഹൗസിംഗ് ബോർഡ് മന്ദിര സമുച്ചയത്തിന്റെ വാടകയായി ഹൗസിംഗ് ബോർഡിന് നൽകേണ്ട 30.39379 ലക്ഷം രൂപ ഉൾപ്പെടെയുള്ള കുടിശ്ശികകൾ 4-5-2020 തീയതിയിലെ G.O. (Rt) No. 2922/2020/Fin നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സെറ്റിൽ ചെയ്തിട്ടുള്ള വിവരം കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് സെക്രട്ടറി, 2-6-2020 തീയതിയിലെ KSHB HO/253/2019-R1-Rent നമ്പർ കത്തിലൂടെ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ സമിതി ശിപാർശ ചെയ്ത പ്രകാരം 30.39379 ലക്ഷം രൂപ വാടകയിനത്തിൽ അധികമായി വകയിരുത്തേണ്ടതില്ല എന്ന് കാണുന്നു.

[സർക്കാർ കത്ത് നമ്പർ : PWR-A3/63/2020-POWER തീയതി 7-12-2021; 5-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ഊർജ്ജ വകുപ്പ് ലഭ്യമാക്കിയ നടപടിപത്രിക 30-6-2021-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു]

### ശിപാർശ (ഖണ്ഡിക നമ്പർ - 6)

2030-01-101-99—<u>മുദ്രപ്പത്രങ്ങൾ ജുഡീഷ്യൽ - സ്റ്റാമ്പിന്റെ വില</u>

നാസിക് ഇന്ത്യ സെക്യൂരിറ്റി പ്രസ്സിൽ നിന്നും വാങ്ങിയ മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും അച്ചടി കൂലിയായി 44.14 ലക്ഷം രൂപയുടെ ബില്ലുകൾ കൂടി ലഭിച്ചതിനാലും 1-10-2019 മുതൽ 31-3-2020 വരെയുള്ള കാലയളവിലേക്ക് സംസ്ഥാനത്തി നാവശ്യമായ മുദ്രപത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും അച്ചടി കൂലിയുടെ 30% മുൻകൂർ തുക നൽകുന്നതിനും 1-7-2017 മുതൽ അച്ചടി കൂലി ബില്ലിന്മേൽ 12% ബിൽതുക ജി.എസ്.റ്റി. ആയി അധികം നൽകേണ്ടതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണ്. ആകയാൽ പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

കോവിഡ് മഹാമാരി കാരണം ലോക്ഡൗൺ ആയതിനാൽ മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും ആവശ്യം ഗണ്യമായി കുറഞ്ഞതിനാലും അച്ചടി സംബന്ധിച്ച അനിശ്ചിതാവസ്ഥ കാരണവും അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി 2020-21 സാമ്പത്തിക വർഷം അധിക തുക വകയിരുത്തിയിട്ടില്ല.

### ശിപാർശ (ഖണ്ഡിക നമ്പർ -7)

2030-02-101-99—<u>മുദ്രപത്രങ്ങൾ നോൺ ജുഡീഷ്യൽ - സ്റ്റാമ്പിന്റെ വില</u>

നാസിക് ഇന്ത്യ സെക്യൂരിറ്റി പ്രസ്സിൽ നിന്നും വാങ്ങിയ മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും അച്ചടി കൂലിയായി 20.2483580 കോടി രൂപ കൂടി നൽകേണ്ടതിനാലും 1-10-2019 മുതൽ 31-3-2020 വരെയുള്ള കാലയളവിലേക്ക് സംസ്ഥാനത്തിനാവശ്യമായ മുദ്രപത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും അച്ചടികൂലിയുടെ 30%മുൻകൂർ തുക നൽകുന്നതിനും 1-7-2017 മുതൽ അച്ചടി കൂലി ബില്ലിൻമേൽ 12% ബിൽ തുക ജി.എസ്.റ്റി ആയി അധികം നൽകേണ്ടതിനാലും ഇപ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. മേൽസാഹചര്യത്തിൽ ടി ശീർഷകത്തിൽ അധികമായി 32 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

കോവിഡ് മഹാമാരി കാരണം ലോക്ഡൗൺ ആയതിനാൽ മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും ആവശ്യം ഗണ്യമായി കുറഞ്ഞതിനാലും അച്ചടി സംബന്ധിച്ച അനിശ്ചിതാവസ്ഥ കാരണവും അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി 2020-21 സാമ്പത്തിക വർഷം അധിക തുക വകയിരുത്തിയിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ -8)**

2030-02-102-99—മുദ്രപത്രു വില്പനച്ചെലവുകൾ

നോൺ ജുഡീഷ്യൽ മുദ്രപത്രു വില്പന വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ ഡിസ്കൗണ്ട് ഇനത്തിൽ നൽകുന്ന തുകയും (ചെലവ്) വർദ്ധിക്കുന്നതിനാൽ മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 3.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

24-4-2021 തീയതിയിലെ ജി.ഒ. (ആർടി.) നമ്പർ 3699/2021/ഫിൻ. ഉത്തരവ് പ്രകാരം 78,91,000 രൂപ ധനപുനഃവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ -9)**

2030-03-001-96-05-4—ജില്ലാ ഓഫീസുകൾ-ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ

2019-20 സാമ്പത്തിക വർഷത്തിൽ അണ്ടർവാല്യുവേഷൻ നടപടികളിലൂടെ വകുപ്പിന് 100 കോടി രൂപയിൽപ്പരം സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും 2020-2021 സാമ്പത്തിക വർഷത്തിൽ ബാക്കിയുള്ള അണ്ടർവാല്യുവേഷൻ നടപടികൾ പൂർത്തിയാക്കുവാൻ സ്റ്റാമ്പ് ആവശ്യമാകയാൽ ആയതിലേക്കായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണ്. മേൽ സാഹചര്യത്തിൽ ടി ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അണ്ടർ വാല്യുവേഷൻ നടപടികൾക്കാണ് അധിക ഫണ്ട് ആവശ്യപ്പെട്ടിരുന്നത്. നിലവിലെ ഫണ്ട് പര്യാപ്തമായതിനാൽ അധിക ഫണ്ട് ആവശ്യമായി വന്നില്ല. അതിനാൽ ധനപുനഃവിനിയോഗം വഴിയോ/ഉപധനാഭ്യർത്ഥന വഴിയോ 2020-21 സാമ്പത്തിക വർഷം അധിക തുക വകയിരുത്തിയിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ -10)**

2030-03-001-95-05-4—സബ് രജിസ്ട്രി ഓഫീസുകൾ-ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ

കിഫ്ബി പദ്ധതി പ്രകാരം പണികഴിപ്പിച്ച ഓഫീസ് കെട്ടിടങ്ങളിലേക്കുള്ള മാറ്റം സംബന്ധിച്ച ചെലവുകൾക്കും മറ്റ് ദൈനംദിന ചെലവുകൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ ടി ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ലോക്ഡൗണും ആയതിനെ തുടർന്ന് ദൈനംദിന ചെലവുകൾ കുറഞ്ഞതും കാരണം നിലവിലെ ഫണ്ട് പര്യാപ്തമായതിനാൽ അധിക ഫണ്ട് ആവശ്യമായി വന്നില്ല. അതിനാൽ ധനപുനഃവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2020-21 സാമ്പത്തിക വർഷം അധിക തുക വകയിരുത്തിയിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ -11)**

2030-03-001-95-06—<u>സബ് രജിസ്ട്രി ഓഫീസുകൾ - വാടക, കരം, നികുതി</u>

സബ്‌രജിസ്ട്രാർ ഓഫീസുകളുടെ വാടകയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ, ടി ശീർഷകത്തിൽ അധികമായി 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

G.O. (Rt.) 6218/2020/Fin. Dated 2-11-2020 പ്രകാരം 20 ലക്ഷം രൂപയും G.O. (Rt)850/2021/Fin. Dated 30-1-2020 പ്രകാരം 58 ലക്ഷം രൂപയും അഡീഷണൽ ആതറൈസേഷൻ ആയും G.O. (Rt.) 3080/21/Fin. Dated 28-3-2021 പ്രകാരം 45 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയും അനുവദിച്ചിരുന്നു.

**ശിപാർശ (ഖണ്ഡിക നമ്പർ -12)**

2030-03-001-90—<u>രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം</u>

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പണി പൂർത്തിയാക്കുന്ന 30 ഓഫീസ് കെട്ടിടങ്ങളിൽ സബ്‌രജിസ്ട്രാർ ഓഫീസുകൾ പ്രവർത്തന സജ്ജമാക്കുന്നതിന് ഇരിപ്പിട സൗകര്യം, റെക്കോർഡുകളുടെ സൂക്ഷിപ്പിന് ആധുനിക രീതിയിലുള്ള കോംപാക്റ്റുകളുടെ സ്ഥാപനം എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 2.54 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

G.O. (Rt.) 2035/2021/Fin. Dated 4-3-2021 പ്രകാരം 2,51,75,000 രൂപ ധനപുനഃവിനിയോഗം വഴി അനുവദിച്ചിരുന്നു.

[സർക്കാർ കത്ത് നമ്പർ ജെ3/101/2020/നി.വ., തീയതി 22-12-2021; 6 മുതൽ 12 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി വകുപ്പ് ലഭ്യമാക്കിയ നടപടിപത്രിക 23-3-2022-ലെ സമിതിയോഗം അംഗീകരിച്ചു. ആയതിന്മേലുള്ള കാലതാമസപത്രിക 16-3-2022-ൽ സഭയിൽ സമർപ്പിച്ചു.

### ശിപാർശ (ഖണ്ഡിക നമ്പർ - 13)

2039-00-001-99-04-1—<u>മേൽനോട്ടം - യാത്രാ ചെലവുകൾ യാത്രാബത്ത</u>

എക്സൈസ് ഉദ്യോഗസ്ഥരുടെ യാത്രാബത്ത പൂർണ്ണമായും മാറി നൽകാൻ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 15-6-2020-വരെ 49 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. അധിക ധനാഭ്യർത്ഥനയ്ക്കുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

### ശിപാർശ (ഖണ്ഡിക നമ്പർ - 14)

2039-00-001-99-05 -1—<u>മേൽനോട്ടം - ഓഫീസ് ചെലവുകൾ - വെള്ളക്കരം</u>

വെള്ളക്കരം പൂർണ്ണമായും അടച്ചുതീർക്കാൻ നിലവിലെ വിഹിതം അപര്യാപ്തമാകയാൽ, ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതം ചെലവഴിച്ചിട്ടുണ്ട്. അധികതുകയ്ക്കുള്ള (300 in thousands) അപേക്ഷ എഫ്3/362/2020/നി.വ. എന്ന ഫയൽ നമ്പറിൽ കൈകാര്യം ചെയ്തുവരുന്നു.

### ശിപാർശ (ഖണ്ഡിക നമ്പർ - 15)

2039-00-001-99-05-4—<u>മേൽനോട്ടം - ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ</u>

എക്സൈസ് സർക്കിൾ ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 15-6-2020 വരെ 17 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. ധനാഭ്യർത്ഥനയ്ക്കുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ - 16)**

2039-00-001-99-15—മേൽനോട്ടം - രഹസ്യ സേവന ചെലവുകൾ

എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ ശക്തമാക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ അധികമായി 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ധനാഭ്യർത്ഥനയ്ക്കുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ - 17)**

2039-00-001-99-21-2—മേൽനോട്ടംമോട്ടോർ വാഹനങ്ങൾസംരക്ഷണവും അറ്റകുറ്റപ്പണികളും

എക്സൈസ് ഓഫീസുകളിൽ ഉപയോഗത്തിൽ ഇരിക്കുന്ന വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണ്. മേൽസാഹചര്യത്തിൽ ഈ ശീർഷകത്തിലേക്ക് 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതം ചെലവഴിച്ചിട്ടുണ്ട്. അധിക തുകയ്ക്കുള്ള (Rs. 1,000 in thousands) അപേക്ഷ എഫ്3/362/2020/നി.വ. എന്ന ഫയൽ നമ്പറിൽ കൈകാര്യം ചെയ്തുവരുന്നു.

**ശിപാർശ (ഖണ്ഡിക നമ്പർ - 18)**

2039-00-001-99-34-3—മേൽനോട്ടം - മറ്റ് ചെലവുകൾ - മറ്റിനം

എക്സൈസ് സർക്കിൾ ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ അധികമായി 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 15-6-2020-വരെ 16 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. ധനാഭ്യർത്ഥനയ്ക്കുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ - 19)**

2039-00-001-99-45—മേൽനോട്ടം - പി.ഒ.എൽ.

എക്സൈസ് സർക്കിൾ ഓഫീസുകളിലേക്ക് അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങളുടെ പി.ഒ.എൽ. ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ അധികമായി 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 15-6-2020-വരെ 96 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. ധനാഭ്യർത്ഥനയ്ക്കുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ - 20)**

2039-00-001-98-02-4 —റേഞ്ച് ഓഫീസുകൾ-വേതനം-കൺസോളിഡേറ്റഡ് പേ

എക്സൈസ് റേഞ്ച് ഓഫീസുകളിലെ കൺസോളിഡേറ്റഡ് ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാകയാൽ 7 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 15-6-2020-വരെ 3 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. ധനാഭ്യർത്ഥനയ്ക്കുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ - 21)**

2039-00-001-98-04-1—റേഞ്ച് ഓഫീസുകൾ-യാത്രാ ചെലവുകൾ-യാത്രാബത്ത

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ജീവനക്കാർക്കുള്ള യാത്രാബത്ത ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. മേൽ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 15-6-2020-വരെ 49 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. ധനാഭ്യർത്ഥനയ്ക്കുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ - 22)**

2039-00-001-98-05-4—റേഞ്ച് ഓഫീസുകൾ-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 15-6-2020-വരെ 7 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. ധനാഭ്യർത്ഥനയ്ക്കുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ - 23)**

2039-00-001-98-06—റേഞ്ച് ഓഫീസുകൾ- വാടക, കരം, നികുതി

എക്സൈസ് റേഞ്ച് ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതം ചെലവഴിച്ചിട്ടുണ്ട്. അധിക തുകയ്ക്കുള്ള Rs. 2,500 (in thousands) അപേക്ഷ എഫ്3/362/2020/നി.വ. എന്ന ഫയൽ നമ്പറിൽ കൈകാര്യം ചെയ്തുവരുന്നു.

**ശിപാർശ (ഖണ്ഡിക നമ്പർ - 24)**

2039-00-001-98-21-2—റേഞ്ച് ഓഫീസുകൾ- മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

എക്സൈസ് റേഞ്ച് ഓഫീസുകളിലെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതം ചെലവഴിച്ചിട്ടുണ്ട്. അധിക തുകയ്ക്കുള്ള Rs. 2,500 (in thousands) അപേക്ഷ എഫ്3/362/2020/നി.വ. എന്ന ഫയൽ നമ്പറിൽ കൈകാര്യം ചെയ്തുവരുന്നു.

### ശിപാർശ (ഖണ്ഡിക നമ്പർ - 25)

2039-00-001-98-34-3—<u>റേഞ്ച് ഓഫീസുകൾ- മറ്റ് ചെലവുകൾ-മറ്റിനം</u>

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി ടി ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതം ചെലവഴിച്ചിട്ടുണ്ട്. അധിക തുകയ്ക്കുള്ള Rs. 1,000 (in thousands) അപേക്ഷ എഫ്3/362/2020/നി.വ. എന്ന ഫയൽ നമ്പറിൽ കൈകാര്യം ചെയ്തുവരുന്നു.

### ശിപാർശ (ഖണ്ഡിക നമ്പർ - 26)

2039-00-001-98-45—<u>റേഞ്ച് ഓഫീസുകൾ-പി.ഒ.എൽ.</u>

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഇന്ധന ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 45 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതം ചെലവഴിച്ചിട്ടുണ്ട്. അധിക തുകയ്ക്കുള്ള Rs. 4,500 (in thousands) അപേക്ഷ എഫ്3/362/2020/നി.വ. എന്ന ഫയൽ നമ്പറിൽ കൈകാര്യം ചെയ്തുവരുന്നു.

### ശിപാർശ (ഖണ്ഡിക നമ്പർ - 27)

2039-00-001-97-05-4—<u>വിജിലൻസ് വിഭാഗം - ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ</u>

വിജിലൻസ് ഓഫീസിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ, 10,000 രൂപ ടി ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 15-6-2020 വരെ 15,000 രൂപ ചെലവഴിച്ചിട്ടുള്ളതാണ്. ധനാഭ്യർത്ഥനയ്ക്കുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ - 28)**

2039-00-001-97-21-2—വിജിലൻസ് വിഭാഗം - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിജിലൻസ് ഓഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളും സംരക്ഷണവും സംബന്ധിച്ച ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിൽ അനുവദിച്ച വിഹിതം പര്യാപ്തമല്ലാത്തതിനാൽ, അധികമായി ടി ശീർഷകത്തിൽ 25,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 15-6-2020 വരെ 5,000 രൂപ ചെലവഴിച്ചിട്ടുള്ളതാണ്. ധനാഭ്യർത്ഥനയ്ക്കുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ - 29)**

2039-00-001-97-45—വിജിലൻസ് വിഭാഗം - പി.ഒ.എൽ.

വിജിലൻസ് ഓഫീസിലെ ഇന്ധന ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ, ടി ശീർഷകത്തിൽ 25,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതം ചെലവഴിച്ചിട്ടുണ്ട്. അധിക തുകയ്ക്കുള്ള Rs. 50 (in thousands) അപേക്ഷ എഫ്3/362/2020/നി.വ. എന്ന ഫയൽ നമ്പറിൽ കൈകാര്യം ചെയ്തുവരുന്നു.

**ശിപാർശ (ഖണ്ഡിക നമ്പർ - 30)**

2039-00-001-94-21-1—എക്സൈസ് വകുപ്പിന്റെ നവീകരണം- മോട്ടോർ വാഹനങ്ങൾ - വാഹനങ്ങൾ വാങ്ങൽ

2019-20 സാമ്പത്തിക വർഷം എക്സൈസ് വകുപ്പിൽ 65 മഹീന്ദ്ര റ്റി.യു.വി. വാങ്ങിയതിൽ 4.98 കോടി രൂപ കമ്പനിക്ക് നൽകാനുണ്ട്. മേൽ സാഹചര്യത്തിൽ ടി ശീർഷകത്തിൽ 4.98 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2019-20 സാമ്പത്തിക വർഷം എക്സൈസ് വകുപ്പിൽ 65 മഹീന്ദ്ര റ്റി.യു.വി. വാങ്ങിയതിൽ 4.98 കോടി രൂപ കമ്പനിക്ക് നൽകുന്നതിനടക്കം മറ്റ് ചെലവുകൾക്കായി 2039-00-001-94 എക്സൈസ് വകുപ്പിന്റെ നവീകരണം (പദ്ധതിയിനം) എന്ന ശീർഷകത്തിൽ 8.33 കോടി രൂപ അധികമായി അനുവദിക്കുന്നത് എഫ്3/133/2020/നി.വ. എന്ന ഫയൽ നമ്പറിൽ കൈകാര്യം ചെയ്തുവരുന്നതും എക്സൈസ് കമ്മീഷണറോട് അധിക വിവരം ആരായുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ - 31)**

2039-00-001-94-3—<u>എക്സൈസ് വകുപ്പിന്റെ നവീകരണം- മറ്റിനം</u>

എക്സൈസ് വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിൽ ഡിജിറ്റൽ വയർലസ് സിസ്റ്റം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ നിലവിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആകയാൽ ടി ശീർഷകത്തിൽ അധികമായി 4.2714 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2039-00-001-94 എക്സൈസ് വകുപ്പിന്റെ നവീകരണം (പദ്ധതിയിനം) എന്ന ശീർഷകത്തിൽ 8.33 കോടി രൂപ അധികമായി അനുവദിക്കുന്നത് എഫ്3/133/2020/നി.വ. എന്ന ഫയൽ നമ്പറിൽ കൈകാര്യം ചെയ്തുവരുന്നതും എക്സൈസ് കമ്മീഷണറോട് അധിക വിവരം ആരായുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ - 32)**

2039-00-001-90—<u>പരിശോധനയ്ക്കായി ശേഖരിക്കപ്പെടുന്ന മദ്യ സാമ്പിളിന്റെ വില</u>

പരിശോധനയ്ക്കായി ശേഖരിക്കപ്പെടുന്ന മദ്യസാമ്പിളിന്റെ വില നൽകുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണ്. ആകയാൽ ടി ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

നിലവിൽ വകുപ്പിന് അനുവദിച്ച വിഹിതത്തിൽ 15-6-2020-വരെ 70,000 രൂപ ചെലവഴിച്ചിട്ടുള്ളതാണ്. ധനാഭ്യർത്ഥനയ്ക്കുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

**ശിപാർശ (ഖണ്ഡിക നമ്പർ - 33)**

2039-00-001-88—<u>വിമുക്തി</u>

കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ (വിമുക്തി) പദ്ധതി പ്രവർത്തനത്തിനും നിലവിലുള്ള ഡീ-അഡിക്ഷൻ സെന്ററിന്റെ നടത്തിപ്പിനും പുതിയ ഡീ-അഡിക്ഷൻ സെന്ററുകളുടെ സ്ഥാപിക്കലിനുമായി ഈ ഇനത്തിൽ വകയിരുത്തിയ തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി പദ്ധതിയിനത്തിൽ 30.01 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സ.ഉ. (സാധാ.) നമ്പർ4829/2020/ധന., തീയതി 19-8-2020 പ്രകാരം 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ - 34)**

2039-00-001-86—<u>എക്സൈസ് - ക്രൈംബ്രാഞ്ച് വിഭാഗം</u>

എക്സൈസ്-ക്രൈംബ്രാഞ്ച് വിഭാഗത്തിന് യാത്രാബത്തയ്ക്ക് 2039-00-001-86 എന്ന ശീർഷകത്തിൽ ഉപശീർഷകം അനുവദിച്ച് ആയതിൽ 50,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അധിക തുകയ്ക്കുള്ള Rs. 340 (in thousands) അപേക്ഷ എഫ്3/362/ 2020/നി.വ. എന്ന ഫയൽ നമ്പറിൽ കൈകാര്യം ചെയ്തുവരുന്നു.

**ശിപാർശ (ഖണ്ഡിക നമ്പർ - 35)**

2039-00-001-86—<u>എക്സൈസ് - ക്രൈംബ്രാഞ്ച് വിഭാഗം</u>

എക്സൈസ്-ക്രൈംബ്രാഞ്ച് വിഭാഗത്തിന് വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 2039-00-001-86 എന്ന ശീർഷകത്തിൽ ഉപശീർഷകം അനുവദിച്ച് 50,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അധിക തുകയ്ക്കുള്ള Rs. 340 (in thousands) രൂപയ്ക്കുള്ള അപേക്ഷ എഫ്3/362/2020/നി.വ. എന്ന ഫയൽ നമ്പറിൽ കൈകാര്യം ചെയ്തുവരുന്നു.

[സർക്കാർ കത്ത് നമ്പർ നികുതി/എഫ്3/116/2020-നി.വ.-തീയതി 12-1-2021, 13 മുതൽ 35 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 30-6-2021- ലെ യോഗത്തിൽ സമിതി അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക നമ്പർ - 36)**

2054-00-098-99-01-4—<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - ശമ്പളം - മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്</u>

മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിൽ നിലവിൽ 12.32 ലക്ഷം രൂപ അനുവദിക്കുന്നതിന് സബ്ഓഫീസുകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ, ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ അധികമായി 12.32 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഇനത്തിൽ 16,17,000 രൂപ അനുവദിച്ചതിൽ ടി ശീർഷകത്തിൽ നിന്നും 15,35,958 രൂപ സബ് ഓഫീസുകളുടെ ചെലവുകൾക്കായി നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന തുക കൂടി ചെലവഴിക്കുന്നമുറയ്ക്ക് ധനാഭ്യർത്ഥന പ്രകാരം അനുവദിച്ച തുകയ്ക്കുള്ള അനുമതിക്കായി നടപടികൾ സ്വീകരിക്കുന്നതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ - 37)**

2054-00-098-99-06—<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - വാടക, കരം, നികുതി</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ട്രെയിനിംഗ് സെന്ററിനും, തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സബ്ഓഫീസുകൾക്കും കണ്ണൂർ ജില്ലാ ഓഫീസിനും പുതുക്കിയ നിരക്കിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ ടി ഇനത്തിലേക്കായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ അധികമായി 23 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ഇനത്തിൽ 12,00,000 രൂപ അനുവദിച്ചതിൽ ടി ശീർഷകത്തിൽ നിന്നും 9,96,855 രൂപ സബ് ഓഫീസുകളുടെ ചെലവുകൾക്കായി നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന തുക കൂടി ചെലവഴിക്കുന്നമുറയ്ക്ക് ധനാഭ്യർത്ഥന പ്രകാരം അനുവദിച്ച തുകയ്ക്കുള്ള അനുമതിക്കായി നടപടികൾ സ്വീകരിക്കുന്നതാണ്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ സബ് ഓഫീസുകളായ കണ്ണൂർ ജില്ലാ ഓഫീസ്, ടൂറിസം വീക്ക് സെലിബ്രേഷൻ ഓഡിറ്റ് എന്നിവ പുതുക്കിയ നിരക്കിൽ പുതിയ വാടക കെട്ടിടങ്ങളിലേക്കും, ട്രെയിനിംഗ് സെന്റർ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻസ് ആന്റ് ടാക്സേഷനിലേക്കും മാറ്റിയ സാഹചര്യത്തിലാണ് ആർ.ആർ.ടി. ശീർഷകത്തിൽ കൂടുതൽ തുക ആവശ്യപ്പെടുവാനുള്ള സാഹചര്യം ഉണ്ടായതെന്നും കൂടി അറിയിക്കുന്നു.

[സർക്കാർ കത്ത് നമ്പർ എസ്റ്റാഡ14/148784/2019/ധന തീയതി 18-1-2021; 36, 37 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ നടപടിപത്രിക 30-6-2021-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക നമ്പർ - 38)**

2047-00-103-87—ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം

2020-21 സാമ്പത്തിക വർഷം ഏജന്റുമാർക്ക് അധികസേവനത്തിനുള്ള പ്രതിഫലം പ്രതിമാസം ഏകദേശം 18.5 കോടി രൂപ നിരക്കിൽ 12 മാസത്തെ പ്രതിഫലം വിതരണം ചെയ്യുന്നതിനായി 222 കോടി രൂപയും മുൻവർഷങ്ങളിലെ പ്രതിഫല കുടിശ്ശിക (വൈകി ലഭിച്ച ക്ലെയിമുകൾ, തെറ്റായി രേഖപ്പെടുത്തിയ ക്ലെയിമുകൾ) വിതരണം ചെയ്യുന്നതിനായി 3 കോടി രൂപയും വേണ്ടി വരുമെന്നതിനാൽ ടി ശീർഷകത്തിൽ അധികമായി 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതമായ 175,00,00,000 രൂപയ്ക്ക് പുറമേ 39,40,00,000 രൂപയും SDG August 2020 മുഖേന '2047-00-103-87-ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം' എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്നു. മേൽ ശീർഷകത്തിൽ ആകെ അനുവദിക്കപ്പെട്ടിട്ടുള്ള 214,40,00,000 രൂപയിൽ 214,18,52,624 രൂപ 2020-21 സാമ്പത്തിക വർഷം വിനിയോഗിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ - 39)**

2047-00-103-85-10—എം.പി.കെ.ബി.വൈ/എസ്.എ.എസ് ഏജന്റുമാരുടെ ക്ഷേമനിധിക്കായുള്ള സംസ്ഥാന സർക്കാരിന്റെ തത്തുല്യ വിഹിതം - സംഭാവന

ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ ഒരു വർഷം ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്ന മൊത്തം തുകയുടെ 50% സർക്കാർ വിഹിതമായി മേൽ ശീർഷകത്തിൽ വകയിരുത്തേണ്ടതാണെങ്കിലും നിലവിൽ ടി ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം വകയിരുത്തേണ്ട വിഹിതത്തെക്കാൾ കുറവായതിനാൽ അധികമായി ടി ശീർഷകത്തിൽ 1.8816 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ 1,54,56,000 രൂപ SDG August 2020 മുഖേന അനുവദിക്കുകയും ബഡ്ജറ്റ് വിഹിതമായ 65,00,000 രൂപ ഉൾപ്പെടെയുള്ള തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ1660724/ഭരണം സി1/1/2021-ധന., തീയതി 23-6-2021; 38, 39 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ നടപടിപത്രിക 15-12-2021-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നമ്പർ - 40)**

2075-00-103-99-08—ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പന-പരസ്യം, പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ

മൊത്തം വിറ്റുവരവിന്റെ 1% തുക വരെ പി.ആർ.ഡി. നിരക്കിന് വിധേയമായും ബഡ്ജറ്റ് വിഹിതമനുസരിച്ചും പരസ്യചെലവുകൾക്കായി വിനിയോഗിക്കാമെന്ന് സർക്കാർ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ, ദൃശ്യ-ശ്രാവ്യ, അച്ചടി മാധ്യമങ്ങളിലൂടെയുള്ള ലോട്ടറിയുടെ പരസ്യം, നറുക്കെടുപ്പ്, ഫലപ്രസിദ്ധീകരണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക തികച്ചും അപര്യാപ്തമാണ്. ഉയർന്ന വിറ്റുവരവ് ലക്ഷ്യം കൈവരിക്കുന്നതിനായി കൂടുതൽ പരസ്യങ്ങൾ നൽകുന്നതിലേക്ക് 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2020-21 സാമ്പത്തിക വർഷം 2075-00-103-99-02-08 എന്ന ശീർഷകത്തിൽ ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ചത് 25 കോടി രൂപയും യഥാർത്ഥ ചെലവ് 32.75 കോടി രൂപയുമാണ്. G.O. (Rt.) No. 515/2021/Fin Dated 21-1-2021 പ്രകാരം ടി ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖേന 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അധികമായി ചെലവഴിച്ച തുക റഗുലറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ - 41)**

2075-00-103-97—<u>സമ്മാനദാനം</u>

സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST നിരക്ക് 1-3-2020 മുതൽ 28% വർധിപ്പിക്കുകയും, ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പന വില ഏകീകരിക്കുകയും, സമ്മാനഘടന പരിഷ്ക്കരിച്ച് ആകർഷകമാക്കുകയും ചെയ്തിട്ടുള്ളതിനാൽ നിലവിലെ സമ്മാനഘടന അനുസരിച്ച് വിറ്റുവരവിന്റെ ഏകദേശം 58% തുക സമ്മാനയിനത്തിൽ ചെലവഴിക്കേണ്ടതായി വരും. മേൽ സാഹചര്യത്തിൽ ഈ ഇനത്തിൽ നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ടി ശീർഷകത്തിൽ അധികമായി 1099 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2020-21 സാമ്പത്തിക വർഷം 2075-00-103-97 സമ്മാന വിതരണം എന്ന ശീർഷകത്തിൽ ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ചത് 5605.60 കോടി രൂപയും യഥാർത്ഥ ചെലവ് 2761.27 കോടി രൂപയുമാണ്.

കോവിഡ് 19 വ്യാപനത്തെ തുടർന്ന് ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പന ഗണ്യമായി കുറഞ്ഞിട്ടുള്ളതിനാൽ ആയതിന് ആനുപാതികമായി സമ്മാനയിനത്തിലെ ചെലവിലും കുറവ് വന്നിട്ടുണ്ട്.

ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ച ഫണ്ട് ടി ഇനത്തിലെ ചെലവ് വഹിക്കുന്നതിന് പര്യാപ്തമായതിനാൽ ധനാഭ്യർത്ഥനയിൽ ശിപാർശ ചെയ്ത പ്രകാരമുള്ള അധിക ഫണ്ട് ആവശ്യപ്പെട്ട് പ്രൊപ്പോസൽ സമർപ്പിക്കേണ്ടി വന്നില്ല.

ടി ശീർഷകത്തിലെ ബാലൻസ് തുക സറണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ - 42)**

2075-00 -103-93-97 —<u>ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ - വാഹനങ്ങളുടെ വാടക</u>

ഭാഗ്യക്കുറി ജില്ല/സബ് ഓഫീസുകളിലെ ഉപയോഗത്തിനായി നിലവിൽ തൃശ്ശൂർ, പത്തനംതിട്ട, ആലപ്പുഴ, കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിൽ കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്കെടുക്കുകയും മറ്റു ജില്ലകളിൽ വാഹനം വാടകയ്ക്കെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ മേൽ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ അധികമായി 33.6 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2020-21 സാമ്പത്തിക വർഷം 2075-00-103-93-97-Hire charges of vehicle എന്ന ശീർഷകത്തിൽ ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ചിട്ടുള്ളത് 11,50,000 രൂപയും യഥാർത്ഥ ചെലവ് 21,98,070 രൂപയുമാണ്.

അധിക ഫണ്ട് ലഭിക്കുന്നതിനായി ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പ്രകാരം G. O. (Rt.) No. 5473/2020/Fin. Dated 24-9-2020 (Rs. 4,69,000) & G. O. (Rt.) No. 7668/2020/Fin. Dated 31-12-2020 (Rs.7,03,000) പ്രകാരം ടി ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖേന 11,72,000 രൂപ അനുവദിച്ചിട്ടുണ്ട്.

അധികമായി ചെലവഴിച്ച തുക റെഗുലറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ - 43)**

2075-00 -103-92-06—<u>സംസ്ഥാന ഭാഗ്യക്കുറിയുടെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം- വാടക, കരം, നികുതി</u>

എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റ് ഓഫീസിന്റെ വാടകയിനത്തിൽ 2020-2021 സാമ്പത്തിക വർഷം 50.4 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ഇനത്തിലെ വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 14.02 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

എറണാകുളം മേഖലാ ജോയിന്റ് ഡയറക്ടറേറ്റ് ഓഫീസിന്റെ വാടകയിനത്തിലെ ചെലവ് വഹിക്കുന്ന 2075-00-103-92-06-RRT എന്ന ശീർഷകത്തിൽ ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ചിട്ടുള്ളത് 36,38,000 രൂപയും യഥാർത്ഥ ചെലവ് 33,31,496 രൂപയുമാണ്.

2020-21 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മാസങ്ങളിലെ വാടക ക്രമീകരിച്ചിട്ടുള്ളതായി ഹൗസിംഗ് ബോർഡ് അറിയിച്ചിട്ടുണ്ട്. ഇക്കാരണത്താൽ ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ച ഫണ്ട് ടി ഇനത്തിലെ ചെലവ് വഹിക്കുന്നതിന് പര്യാപ്തമായതിനാൽ ഉപധനാഭ്യർത്ഥനയിൽ ശിപാർശ ചെയ്ത പ്രകാരമുള്ള അധിക ഫണ്ട് ആവശ്യപ്പെട്ടിട്ടില്ല.

ടി ശീർഷകത്തിലെ ബാലൻസ് തുക സറണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ - 44)**

2075-00 -103-89— <u>സെക്യൂരിറ്റി ഡിസൈൻ ലാബ് സ്ഥാപിക്കൽ</u>

സെക്യൂരിറ്റി ഡിസൈൻ ലാബിലെ ജീവനക്കാരുടെ ശമ്പളം, കൺസൽട്ടൻസി ചാർജ്ജ്, യാത്രാബത്ത, ടിക്കറ്റ് എക്സാമിനേഷൻ ചാർജ്ജ് എന്നിവ ഈ ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനാൽ ഈ ഇനത്തിൽ 16.49 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2075-00-103-89-setting up of security design lab എന്ന ശീർഷകത്തിൽ ബഡ്ജറ്റ് പ്രൊവിഷനായി തുകയൊന്നും വകയിരുത്തിയിട്ടില്ല. G. O. (Rt.) No. 3995/2020/Fin. dated 1-7-2020 പ്രകാരം 14,25,000 രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷം ടി ശീർഷകത്തിലെ ചെലവ് 14,23,095 രൂപയാണ്. അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമായ തുക റെഗുലറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ Taxes/H1/206-Taxes, തീയതി 28-10-2021, 40 മുതൽ 44 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി വകുപ്പ് ലഭ്യമാക്കിയ നടപടിപത്രിക 23-3-2022-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസ പത്രിക 16-3-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

### ശിപാർശ (ഖണ്ഡിക നമ്പർ - 45)

2075-00-795-98—<u>വീട് വായ്പ എഴുതിത്തള്ളൽ</u>

ഭവന നിർമ്മാണ വായ്പ എഴുതിത്തള്ളൽ തുക 5 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ ഇനത്തിൽ ചെലവ് വർദ്ധിക്കാനിടയുണ്ട്. മേൽ സാഹചര്യത്തിൽ ഇപ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 16.5 ലക്ഷം രൂപയാണ്. ടി ശീർഷകത്തിൽ നാളിതുവരെയായി ആകെ 31,67,463 രൂപ ചെലവഴിച്ചിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിൽ കവിഞ്ഞുള്ള തുക (15,17,463) ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ1773247/എച്ച്.ബി.എ-2/47/2021-ധന., തീയതി 8-6-2021; 45-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ നടപടിപത്രിക 30-6-2021 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

### ശിപാർശ (ഖണ്ഡിക നമ്പർ - 46)

2075-00-795-93—<u>ചികിത്സയ്ക്ക് നൽകുന്ന പലിശരഹിത വായ്പ എഴുതിത്തള്ളൽ</u>

ചികിത്സയ്ക്ക് നൽകുന്ന പലിശരഹിത വായ്പ എഴുതിത്തള്ളുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സംസ്ഥാന സർക്കാർ ജീവനക്കാർ എയ്ഡഡ് സ്കൂൾ ജീവനക്കാർ എന്നിവർക്ക് നൽകി വരുന്ന പലിശരഹിത ചികിത്സാവായ്പ തുക എഴുതിത്തള്ളുന്നതിനായി 2020-21-ലെ ബഡ്ജറ്റിൽ 15,00,000 രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. ടി ശീർഷകത്തിൽ നിന്നും ആകെ 14,47,205 (പതിനാല് ലക്ഷത്തി നാല്പത്തേഴായിരത്തി ഇരുന്നൂറ്റി അഞ്ച് രൂപ മാത്രം) രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ബാക്കി തുകയായ 52,795 രൂപ (അമ്പത്തിരണ്ടായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റഞ്ച് രൂപ മാത്രം) സറണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ എൽ2/205/2020/ധന., തീയതി 8-6-2021; 46-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ധനകാര്യ (ലോൺസ്) വകുപ്പ് ലഭ്യമാക്കിയ നടപടിപത്രിക 30-6-2021 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നമ്പർ - 47)**

2075-00-800-94—ഡിഫൻസ് സർവ്വീസുകളിലെ ധീരതയ്ക്കുള്ള കീർത്തി മുദ്രക്കർഹരായവർക്കും ആശ്രിതർക്കും ക്യാഷ് അവാർഡ് - മറ്റ് ചെലവുകൾ

ഗാലന്ററി അവാർഡ് ജേതാക്കൾക്ക് 1 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ നൽകിവന്നിരുന്ന ക്യാഷ് അവാർഡ് 2 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപ വരെയായും നോൺ ഗാലന്ററി ജേതാക്കൾക്ക് 10,000 രൂപ മുതൽ 50,000 വരെ നൽകിവന്നിരുന്ന ക്യാഷ് അവാർഡ് 25,000 രൂപ മുതൽ 1,00,000 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാലും 2020 ആഗസ്റ്റ് 15-നും 2021 ജനുവരി 26-നും പുരസ്കാരങ്ങൾ പ്രഖ്യാപിക്കുമ്പോൾ വളരെയധികം കേരളീയർ ഉൾപ്പെടാൻ സാധ്യതയുള്ളതിനാലും ടി ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ധീരതയ്ക്കുള്ള കീർത്തി മുദ്രക്കർഹരായവർക്കും ആശ്രിതർക്കും ക്യാഷ് അവാർഡ് നൽകുന്നതിനായി 2020-21 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആഗസ്റ്റ് 15-നും ജനുവരി 26-നും പുരസ്കാരങ്ങൾ പ്രഖ്യാപിക്കുമ്പോൾ കൂടുതൽ കേരളീയർ ഉൾപ്പെടാൻ സാധ്യതയുള്ളതിനാൽ ഈ കണക്കിനത്തിൽ അധികതുകയ്ക്ക് ശിപാർശ സമർപ്പിച്ചിരുന്നു. എന്നാൽ അപേക്ഷകർ കുറവായതിനാൽ ഈ കണക്കിനത്തിൽ അധിക തുക ആവശ്യമായി വന്നില്ല. 2020-21 സാമ്പത്തിക വർഷം ഈ കണക്കിനത്തിലെ ചെലവ് 40,50,000/- രൂപ ആണ്.

[സർക്കാർ കത്ത് നമ്പർ SW3/31/2021/സൈ.ക്ഷേ.വ., തീയതി 13-7-2021; 47-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ സൈനിക ക്ഷേമവകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 15-12-2021 ലെ സമിതിയോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നമ്പർ - 48)**

2075-00-800-89—തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾക്കുള്ള അലവൻസുകൾ പെൻഷൻ

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ അധികമായി 6 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2075-00-800-89 (നോൺ പ്ലാൻ) ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 35,00,000 രൂപയ്ക്ക് പുറമേ 1,07,000 രൂപ അധിക തുകയായി വകയിരുത്തുകയും ആയതിൽ 36,06,100 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ116/പോൾ3/2021/പൊ.ഭ.വ. തീയതി 4-2-2012; ഖണ്ഡിക 48-ലെ ശിപാർശയിന്മേൽ പൊതുഭരണ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 23-3-2022-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസപത്രിക 16-3-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**ശിപാർശ (ഖണ്ഡിക നമ്പർ - 50)**

2075-00-800-78—<u>വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധനസഹായം</u>

കേരള സ്റ്റേറ്റ് വഖഫ് ബോർഡ് സോഷ്യൽ വെൽഫയർ (കേരള) സ്കീം പ്രകാരം നൽകിവരുന്ന മാരകരോഗ ചികിൽസാ ധനസഹായം, വിവാഹധനസഹായം എന്നീ ഇനങ്ങളിൽ അപേക്ഷകർക്ക് മുടങ്ങി കിടക്കുന്ന ധനസഹായം നൽകുന്നതിനും പ്രതിമാസ പെൻഷൻ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുമായി ടി ശീർഷകത്തിലേക്ക് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 13.68 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2017-18 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കേരള സംസ്ഥാന വഖഫ് ബോർഡിന് സോഷ്യൽ വെൽഫയർ ഗ്രാന്റ് ഇനത്തിൽ നൽകാൻ കുടിശ്ശിക ആയിരുന്ന 119.76 ലക്ഷം രൂപ 2020-21 സാമ്പത്തിക വർഷത്തെ '2075-00-800-78 സ്പെഷ്യൽ ഗ്രാന്റ് ടു വഖഫ് ബോർഡ് ' എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 1 കോടി 32 ലക്ഷം രൂപയിൽ നിന്നും റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ അവശേഷിച്ച 12,24,000 രൂപയും പ്രസ്തുത സാമ്പത്തിക വർഷം തന്നെ റിലീസ് ചെയ്ത് നൽകുകയുണ്ടായി. കൂടാതെ 2020 ഡിസംബർ മാസം വരെയുള്ള ധനസഹായം കൊടുത്തുതീർക്കുന്നതിന് 7,52,25,000 രൂപ അധിക ധനസഹായമായി അനുവദിക്കണമെന്ന വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 2 കോടി രൂപ 2020-21 സാമ്പത്തിക വർഷം അധിക ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ എഫ്2/279/2020-റവ. തീയതി 29-11-2021; 50-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ റവന്യൂ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 23-3-2022-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസപത്രിക 16-3-2022-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

## ശിപാർശ (ഖണ്ഡിക നമ്പർ - 51)

7610-00-201-99—അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥന്മാർ

അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കുള്ള ഭവനനിർമ്മാണ വായ്പയ്ക്കായി 2019-20 സാമ്പത്തിക വർഷത്തിൽ ലഭിച്ച 2 അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നതിനാലും 2020-21 സാമ്പത്തിക വർഷം ശരാശരി 3 അപേക്ഷകൾ ലഭിക്കാനുള്ള സാധ്യതയുള്ളതിനാലും ഈ ഇനത്തിൽ ഒരു കോടിയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ടി ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 25 ലക്ഷം രൂപയാണ്. എന്നാൽ നാളിതുവരെയായി ലഭിച്ച അപേക്ഷയിൽ രേഖകൾ പൂർണ്ണമല്ലാത്തതിനാൽ തുക ചെലവഴിച്ചിട്ടില്ല. അതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക ലഭിക്കുന്നതിനുള്ള നടപടി ആവശ്യമായി വന്നില്ല. ബഡ്ജറ്റ് വിഹിതം വഴി ലഭിച്ച തുക (25 ലക്ഷം രൂപ) സറണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ1773247/എച്ച്.ബി.എ 2/47/2021-ധന, തീയതി 8-6-2021; 51-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ നടപടിപത്രിക 30-6-2021-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

## ശിപാർശ (ഖണ്ഡിക നമ്പർ - 52)

7610-00-800-95(02)—സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് നൽകുന്ന പലിശയില്ലാത്ത മുൻകൂറുകൾ - നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർ

മുൻവർഷത്തെ ചെലവ് കണക്കിലെടുത്ത് ഈ ഇനത്തിൽ നടപ്പ് വർഷം കൂടുതൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

സംസ്ഥാനത്തെ നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് നൽകി വരുന്ന മുൻകൂർ പലിശരഹിത ചികിത്സാവായ്പകൾക്കായി 2020-21-ലെ ബഡ്ജറ്റിൽ 8,25,00,000 രൂപ (എട്ട് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വകകൊള്ളിച്ചിരുന്നു. ഇതിൽ നിന്നും 6,78,00,573 രൂപ (ആറ് കോടി എഴുപത്തിയെട്ട് ലക്ഷത്തി അഞ്ഞൂറ്റി എഴുപത്തി മൂന്ന് രൂപ മാത്രം) വിനിയോഗിച്ചിട്ടുണ്ട്. ബാക്കി തുകയായ 1,46,99,427 രൂപ (ഒരു കോടി നാല്പത്തിയാറ് ലക്ഷത്തി തൊണ്ണൂറ്റിയൊൻപതിനായിരത്തി നാന്നൂറ്റി ഇരുപത്തേഴ് രൂപ മാത്രം) സറണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ - 53)**

7610-00-800-91—<u>സംസ്ഥാന സഹായമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാർക്ക് പലിശരഹിത മുൻകൂർ വായ്പ</u>

സംസ്ഥാന സഹായമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എയ്ഡഡ് ഉദ്യോഗസ്ഥർക്ക് പലിശരഹിത മുൻകൂർ വായ്പ അനുവദിക്കുന്നതിലേക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാന സഹായമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എയ്ഡഡ് ഉദ്യോഗസ്ഥർക്ക് നൽകി വരുന്ന പലിശരഹിത മുൻകൂർ വായ്പകൾക്കായി 2020-21-ലെ ബഡ്ജറ്റിൽ 1,00,00,000 കോടി രൂപ (ഒരു കോടി രൂപ മാത്രം) വക കൊള്ളിച്ചിരുന്നു. അപേക്ഷകർ കുറവായതിനാൽ ടി ശീർഷകത്തിൽ നിന്നും ആകെ 43,50,000 രൂപ (നാല്പത്തിമൂന്ന് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ചെലവായിട്ടുണ്ട്. ബാക്കിയുള്ള 56,50,000 രൂപ (അമ്പത്തിയാറ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) സറണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ശിപാർശ (ഖണ്ഡിക നമ്പർ - 54)**

7610-00-800-90—<u>ക്ലാസ്സ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹ ചെലവുകൾ നേരിടുന്നതിനായുള്ള മുൻകൂർ വായ്പ</u>

മുൻവർഷത്തെ ചെലവ് പരിശോധിച്ചതിൽ, 2020-21 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ കൂടുതൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ല. ആയതിനാൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ക്ലാസ്സ് ഫോർ ജീവനക്കാരുടെ പെൺമക്കളുടെ വിവാഹ ചെലവുകൾ നേരിടുന്നതിനുള്ള മുൻകൂർ വായ്പകൾക്കായി 2020-21-ലെ ബഡ്ജറ്റിൽ 75,00,000 രൂപ (എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. അപേക്ഷകർ കുറവായ സാഹചര്യത്തിൽ 50,25,000 രൂപ (അമ്പത് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം)

ചെലവായിട്ടുണ്ട്. ബാക്കി തുകയായ 24,75,000 (ഇരുപത്തിനാല് ലക്ഷത്തി എഴുപത്തയ്യായിരം രൂപ മാത്രം) സറണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർഎൽ2/205/2020/ധന തീയതി 8-6-2021; 52, 53, 54 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ (ലോൺസ്) വകുപ്പ് ലഭ്യമാക്കിയ നടപടിപത്രിക 30-6-2021-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക നമ്പർ - 55)**

2235-60-110-99-06—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് - വാടക, കരം, നികുതി

കെ.എസ്.ഐ.ഡി.-യും കെ.ടി.ഡി.എഫ്.സി.-യുമായുള്ള കരാറനുസരിച്ച് ഓരോ 3 വർഷം കൂടുമ്പോഴും വാടകയിനത്തിൽ 15% വർദ്ധനവ് വരുത്തേണ്ടതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2020-21 സാമ്പത്തിക വർഷത്തിൽ 42,00,000 രൂപ കിട്ടിയിട്ടുണ്ട്. ആയതിൽ 5,40,680 രൂപ ബാക്കിയുണ്ട്. ഈ ശീർഷകത്തിൽ അവശേഷിക്കുന്ന തുക കൂടി ചെലവഴിക്കുന്നമുറയ്ക്ക് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി സമിതി ശിപാർശ ചെയ്തിട്ടുളള അധിക തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ - 56)**

2235-60-110-99-21—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് - മോട്ടോർ വാഹനങ്ങൾ

ഇൻഷ്വറൻസ് വകുപ്പിന്റെ രണ്ട് ജില്ലാ ഓഫീസുകളിലേക്ക് ഓരോ വാഹനം വീതം ലഭ്യമാക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ശിപാർശിത ശീർഷകത്തിൽ അധിക തുക വകയിരുത്തുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ - 57)**

2235-60-110-98-01-4—ജില്ലാ ഓഫീസുകൾ-ശമ്പളം-മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്

ടി ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 3.15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2020-21 സാമ്പത്തിക വർഷത്തിൽ 3,85,000 രൂപ കിട്ടിയിട്ടുണ്ട്. ആയതിൽ 1,94,597 രൂപ ബാക്കിയുണ്ട്. ഈ ശീർഷകത്തിൽ അവശേഷിക്കുന്ന തുക കൂടി ചെലവഴിക്കുന്നമുറയ്ക്ക് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി സമിതി ശിപാർശ ചെയ്തിട്ടുള്ള അധിക തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ശിപാർശ (ഖണ്ഡിക നമ്പർ - 58)**

2235-60-110-97—സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - കമ്പ്യൂട്ടർവൽക്കരണം

സോഫ്റ്റ്‌വെയറിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തൽ, വാർഷിക അറ്റകുറ്റപ്പണികൾ, വിവര സാങ്കേതിക വിഭാഗത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ, പഴയവ മാറ്റൽ, എസ്.എൽ.ഐ. പോളിസി ഫയലുകളുടെ സ്കാനിംഗ് എന്നിവയ്ക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ അധികമായി 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2020-21 സാമ്പത്തിക വർഷത്തിൽ 40,00,000 രൂപ കിട്ടിയിട്ടുണ്ട്. ആയതിൽ 20,29,770 രൂപ ബാക്കിയുണ്ട്. ഈ ശീർഷകത്തിൽ അവശേഷിക്കുന്ന തുക കൂടി ചെലവഴിക്കുന്നമുറയ്ക്ക് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി സമിതി ശിപാർശ ചെയ്തിട്ടുള്ള അധിക തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

[സർക്കാർ കത്ത് നമ്പർ എസ്റ്റാ.ഡി4/148784/2019/ധന. തീയതി 18-1-2021; 55 മുതൽ 58 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 30-6-2021-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു]

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ

മദ്യാസക്തിക്കും മയക്കുമരുന്ന് ഉപയോഗത്തിനുമെതിരായി വിവിധ സർക്കാർ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട ബോധവൽക്കരണ/പ്രചരണ പരിപാടികൾ സംബന്ധിച്ച റിപ്പോർട്ട്.

(ഫയൽ നമ്പർ 3993/സബ്.സി.ഇ 2/2014/നി.സെ.)

**ശിപാർശ (ഖണ്ഡിക നമ്പർ - 57)**

കുടുംബശ്രീ, മറ്റ് അയൽക്കൂട്ട സംവിധാനങ്ങൾ എന്നിവ മുഖേന മദ്യമയക്കുമരുന്ന് അടിമകളായവരെയും ഗൃഹാന്തരീക്ഷത്തിലും പൊതുസ്ഥലങ്ങളിലും ശല്യക്കാരും അക്രമികളായും തീരുന്നവരെയും കണ്ടെത്തി ആരോഗ്യകേന്ദ്രങ്ങളിൽ എത്തിക്കാനും സാമൂഹ്യ ആരോഗ്യ പ്രവർത്തകരുടെ സഹായത്തോടെ തുടർ ചികിത്സ നടപ്പിലാക്കാനുമുള്ള പദ്ധതി രൂപകല്പന ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

1. ആർദ്രം മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിലേയും എല്ലാ ആശമാർക്കും പരിശീലനം നൽകുന്നു. തുടർന്ന് ആശമാർ എല്ലാ വീടുകളും സന്ദർശിച്ച് മദ്യപാനം, മറ്റ് ലഹരി വസ്തുക്കളുടെ ഉപയോഗം തുടങ്ങിയവ മൂലമുണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ കണ്ടെത്തി പഞ്ചായത്ത് ആശുപത്രിയിൽ നടത്തുന്ന മാനസികാരോഗ്യ ക്യാമ്പിൽ വച്ച് ചികിത്സ ലഭ്യമാക്കുന്നു. കിടത്തി ചികിത്സ ആവശ്യമുള്ളവരെ ഡി-അഡിക്ഷൻ സെന്ററുകളിലേക്ക് റഫർ ചെയ്യുന്നു. ഇവരുടെ തുടർ ചികിത്സയും ആശമാർ തന്നെ ഉറപ്പാക്കുന്നു.

2. ഇതിന് പുറമെ പഞ്ചായത്തിലെ അംഗൻവാടി വർക്കർമാർ, കുടുംബശ്രീ അംഗങ്ങൾ, ആരോഗ്യസേനാ പ്രവർത്തകർ എന്നിവർക്കും സമ്പൂർണ്ണ മാനസികാരോഗ്യം പദ്ധതിയിൻകീഴിൽ ബോധവൽക്കരണം നൽകുന്നു. ഇതുവഴി മദ്യം, മയക്കുമരുന്ന് തുടങ്ങി ലഹരി വസ്തുക്കളുടെ ഉപയോഗം ഉള്ളവരെ നേരത്തെ തന്നെ കണ്ടെത്തി ചികിത്സ നൽകുവാനും തുടർ ചികിത്സ ഉറപ്പാക്കുവാനും കഴിയുന്നു. ഇതുവരെയായി സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി 366 പഞ്ചായത്തുകളിൽ നടപ്പിലാക്കുകയുണ്ടായി. അടുത്ത സാമ്പത്തികവർഷത്തിൽ 380 പഞ്ചായത്തുകളിൽ കൂടി നടപ്പിലാക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനു പുറമേ ആർദ്രം ജനകീയ ക്യാമ്പയിന്റെ ഭാഗമായി വാർഡുതല സാനിറ്റേഷൻ കമ്മിറ്റി മദ്യം തുടങ്ങി ലഹരി വസ്തുക്കളുടെ ഉപയോഗമുള്ളവരെ ചികിത്സയിൽ എത്തിക്കുവാനും അവരുടെ തുടർചികിത്സ ഉറപ്പാക്കാനുമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

3. കൂടാതെ സംസ്ഥാന ആരോഗ്യ വകുപ്പ് ജനങ്ങളിൽ, പ്രത്യേകിച്ച് യുവതലമുറയിൽ, അവബോധം സൃഷ്ടിക്കുന്നതിന് വിവിധ പ്രചരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 'ആർദ്രം' പദ്ധതിയുടെ ഭാഗമായി ആരംഭിച്ച ആർദ്രം ജനകീയ ക്യാമ്പയിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ് ജനങ്ങളിൽ പിടിമുറുക്കിയിരിക്കുന്ന മദ്യാസക്തിയുടെയും മറ്റ് ലഹരി മരുന്നുകളുടെയും ഉപയോഗം തടയുക എന്നത്. ഇതിന്റെ ഭാഗമായുള്ള IEC, BCC പ്രവർത്തനങ്ങളിൽ മദ്യം, പുകയില, മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കളുടെ

ദൂഷ്യഫലങ്ങളെക്കുറിച്ചുള്ള പരസ്യങ്ങൾ, ലഘുലേഖകൾ, പോസ്റ്ററുകൾ, സാമൂഹിക മാധ്യമ സന്ദേശങ്ങൾ എന്നിവയും തയ്യാറാക്കി പ്രചരിപ്പിച്ച് വരുന്നു. മുൻനിര താരങ്ങളെയും കലാസാംസ്കാരിക രംഗത്തെ പ്രമുഖരെയും ഉൾപ്പെടുത്തിക്കൊണ്ട് മദ്യാസക്തിക്കും ലഹരിക്കുമെതിരായി ബോധവൽക്കരണ വീഡിയോ തയ്യാറാക്കിയിട്ടുണ്ട്. മോഹൻലാൽ ഉൾപ്പെടുന്ന പ്രമുഖരെ കൊണ്ട് തയ്യാറാക്കിയ ഈ വീഡിയോ സ്കൂളുകളിലും തീയേറ്ററുകളിലും ടെലിവിഷനിലും ആരോഗ്യകേന്ദ്രങ്ങളിലും പ്രദർശിപ്പിക്കുന്നത് നടപടി സ്വീകരിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 362/ഇ 1/2020/ആ.കു.വ. തീയതി 9-11-2020; 57-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ആരോഗ്യകുടുംബക്ഷേമ വകുപ്പ് ലഭ്യമാക്കിയ നടപടിപത്രിക 27-7-2021-ലെ സമിതിയോഗം അംഗീകരിച്ചു].

**കെ.എൻ. ബാലഗോപാൽ,**

*അദ്ധ്യക്ഷൻ,*

*സബ്ജക്ട് കമ്മിറ്റി VIII.*

*തിരുവനന്തപുരം,*

2022 *ജൂലൈ* 14.

893/2022.

<u>അനുബന്ധം</u>

## 1. 16-6-2021-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2021 ജൂൺ മാസം 16-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു.സഹകരണം-രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയുമായ ശ്രീ. വി. എൻ. വാസവനും സമിതിയുടെ പ്രത്യേക ക്ഷണിതാവും ബഹു. വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടിയും (ഓൺലൈൻ) താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u>:

1. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
2. ഡോ. കെ. ടി. ജലീൽ
3. ശ്രീ. ഡി. കെ. മുരളി
4. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
5. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ (ഓൺലൈൻ)
6. ശ്രീ. എൻ. ഷംസുദ്ദീൻ
7. ശ്രീ. കെ. വി. സുമേഷ്
8. ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>:

1. ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ്, പ്രിൻസിപ്പൽ സെക്രട്ടറി, പൊതു വിദ്യാഭ്യാസവും വഖഫും വകുപ്പ്.
2. ഡോ. എസ്. കാർത്തികേയൻ, ഡയറക്ടർ ഓഫ് ലോട്ടറീസ് ആന്റ് സ്പെഷ്യൽ കമ്മീഷണർ, കേരള ചരക്കുസേവന നികുതി വകുപ്പ്.

3. ശ്രീ. ജാഫർ എ. എം., ഡയറക്ടർ ഓഫ് ട്രഷറീസ്, ധനകാര്യ വകുപ്പ്.

4. ശ്രീ. മനു എസ്., ഡയറക്ടർ, നാഷണൽ സേവിംഗ്സ് , ധനകാര്യ വകുപ്പ്.

5. ശ്രീ. പി. വി. ബാബു, ഡയറക്ടർ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

6. ശ്രീ. സാംഗി ഡി., ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്.

7. ശ്രീ. അനിൽ കുമാർ വി. സി., ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്.

8. ശ്രീ. ബി. സുനിൽ കുമാർ, അഡീഷണൽ സെക്രട്ടറി ആന്റ് സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസർ, പൊതുഭരണ വകുപ്പ്.

9. ശ്രീ. അനൂപ് എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

10. ശ്രീ. ടി. ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

11. ശ്രീമതി സിനി ജെ. ഷുക്കൂർ, അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്.

12. ശ്രീ. എസ്. ഡി. ഹെരോൾഡ് സേവ്യർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

13. ശ്രീ. എ. ഹബീബ്, ഡിവിഷണൽ വഖഫ് ഓഫീസർ, കേരള സ്റ്റേറ്റ് വഖഫ് ബോർഡ്.

14. ശ്രീമതി ടിക്സി എസ്. നെൽസൺ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

15. ശ്രീമതി സോഫിയ കെ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

16. ശ്രീമതി കൃഷ്ണപ്രിയ ഡി. ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

17. ശ്രീ. പ്രതീപ് കുമാർ ബി., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

18. ശ്രീമതി ശ്രീജ വി., ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്.

19. ശ്രീ. വി. ആർ. അനിൽകുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, ലാന്റ് റവന്യൂ വകുപ്പ്.

മതിയായ കാരണം കൂടാതെ വകുപ്പു സെക്രട്ടറിമാർ സബ്ജക്ട് കമ്മിറ്റി മുമ്പാകെ ഹാജരാകാതെ അവരെ പ്രതിനിധീകരിച്ച് മറ്റാരെയെങ്കിലും അയയ്ക്കുന്ന പ്രവണത വർദ്ധിച്ചു വരുകയാണെന്ന് സമിതി വിലയിരുത്തി. വ്യക്തമായ കാരണം കൂടാതെ സമിതി മുമ്പാകെ ഹാജരാകാതിരിക്കുന്ന വകുപ്പു സെക്രട്ടറിമാരുടെ പേരുവിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി നിയമസഭാ സെക്രട്ടേറിയറ്റിന് നിർദ്ദേശം നൽകി തുടർന്ന് 2021-22 സാമ്പത്തിക വർഷത്തെ

V, X, XI, XVI, XXVIII, XLIII, XLV, XLVI എന്നീ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ V

## <u>ചരക്ക സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും</u>

2043-00-001-97—<u>കമ്മീഷണറുടെ കാര്യാലയം</u>

ജി. എസ്. റ്റി. വകുപ്പിന്റെ പുനഃസംഘടന ഈ വർഷം നടപ്പിലാക്കുന്നതിനും ടാക്സ് ഫെയർ സർവ്വീസ് യൂണിറ്റുകളും, ആഡിറ്റ് ഓഫീസുകളും ആരംഭിക്കുന്നതിനും, ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തി പുതിയ സ്ക്വാഡുകൾ ആരംഭിക്കുന്നതിനും ആവശ്യമായിവരുന്ന ഇലക്ട്രിക് വാഹനങ്ങളുടെയും മറ്റ് വാഹനങ്ങളുടെയും വാടകയിനത്തിൽ ടി ശീർഷകത്തിൽ 45.50 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2043-00-001-97-05-2—<u>ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്</u>

2021-22 സാമ്പത്തികവർഷം ഈ ശീർഷകത്തിലേയ്ക്ക് 1.41 കോടി രൂപ വകുപ്പ് ആവശ്യപ്പെട്ടിരുന്നെങ്കിലും 1.10 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. നടപ്പു സാമ്പത്തിക വർഷം ഈ ഇനത്തിൽ ഇതുവരെയുള്ള ചെലവ് 36.30 ലക്ഷം രൂപയാകയാൽ നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2043-00-001-97-06—<u>വാടക, കരം, നികുതി</u>

മേൽ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം നാളിതുവരെ 6.60 ലക്ഷം രൂപ ചെലവായിട്ടുള്ളതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണ്. മേൽ സാഹചര്യത്തിൽ ടി ശീർഷകത്തിൽ 7 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2043-00-001-97-17—<u>ചെറുകിട മരാമത്തുപണികൾ</u>

നടപ്പു സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക ചെറുകിട മരാമത്ത് പണികൾക്ക് അപര്യാപ്തമാകയാൽ 7 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2043-00-001-94-19—<u>കമ്മീഷണറുടെ കാര്യാലയത്തിന്റെ കമ്പ്യൂട്ടർവൽക്കരണം-യന്ത്രോപകരണങ്ങൾ</u>

നടപ്പു സാമ്പത്തിക വർഷം ഈ ഇനത്തിൽ ഇതുവരെയുള്ള ചെലവ് 73.39997 ലക്ഷം രൂപയായതിനാൽ മേൽ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ അധികമായി 2.5 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2043-00-001-93—<u>ഐ.ടി. അടിസ്ഥാന സൗകര്യ വികസനം</u>

നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ, 12 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2043-00-101-99-01-4—<u>ലാ ആഫീസർ-ശമ്പളം-മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്</u>

മേൽ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2043-00-101-97-05-2—<u>ചരക്ക് സേവന നികുതി കാര്യാലയങ്ങൾ-ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്</u>

നടപ്പു സാമ്പത്തിക വർഷം ഈ ഇനത്തിൽ ഇതുവരെ 4.62 ലക്ഷം രൂപ ചെലവായതിനാൽ 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ അധികമായി 3 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2043-00-101-97-06—<u>വാടക, കരം, നികുതി</u>

നടപ്പു സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ 55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വകുപ്പ് ലഭ്യമാക്കിയ Form A യിൽ അധിക തുക ആവശ്യപ്പെടുവാനുണ്ടായ കാരണം വിശദമാക്കിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി, വരും വർഷങ്ങളിൽ പ്രസ്തുത വിവരം കൂടി Form A യിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു.

2045-00-103-99-06—<u>ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്-വാടക, കരം, നികുതി</u> പുതുക്കിയ നിരക്ക് പ്രകാരം വാടക നൽകുന്നതിനായി മേൽശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 53.42356 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥനന നമ്പർ X-ട്രഷറികളും അക്കൗണ്ടുകളും

2054-00-098-99-06—<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - വാടക, കരം, നികുതി</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ട്രെയിനിംഗ് സെന്ററിനും, തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സബ് ഓഫീസുകൾക്കും, കണ്ണൂർ ജില്ലാ ഓഫീസിനും പുതുക്കിയ നിരക്കിൽ വാടക നൽകുന്നതിലേയ്ക്കായി നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 16 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാ ഭരണവും പലവകയും

2047-00-103- 87—<u>ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം</u>

2021-22 സാമ്പത്തിക വർഷം ഏജന്റുമാർക്ക് അധികസേവനത്തിനുള്ള പ്രതിഫലം പ്രതിമാസം ഏകദേശം 18.5 കോടി രൂപ നിരക്കിൽ 12 മാസത്തെ പ്രതിഫലം വിതരണം ചെയ്യുന്നതിനായി 222 കോടി രൂപയും മുൻവർഷങ്ങളിലെ പ്രതിഫല കുടിശ്ശിക (വൈകി ലഭിച്ച ക്ലെയിമുകൾ, തെറ്റായി രേഖപ്പെടുത്തിയ ക്ലെയിമുകൾ) വിതരണം ചെയ്യുന്നതിനായി 1 കോടി രൂപയും വേണ്ടി വരുമെന്നതിനാൽ ടി ശീർഷകത്തിൽ അധികമായി 23 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2047-00-103-85-10—എം.പി.കെ.ബി.വൈ./എസ്.എ.എസ്.ഏജന്റുമാരുടെ ക്ഷേമനിധിക്കായുള്ള സംസ്ഥാന സർക്കാരിന്റെ തത്തുല്യ വിഹിതം - സംഭാവന

ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ ഒരു വർഷം ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്ന മൊത്തം തുകയുടെ 50%മായ സർക്കാർ വിഹിതവും 2020-21 സാമ്പത്തിക വർഷത്തെ 4 മാസത്തെ കുടിശ്ശിക ഉൾപ്പെടെയുള്ള തുകയും ടി ശീർഷകത്തിൽ വകയിരുത്തേണ്ടതാണെങ്കിലും നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം വകയിരുത്തേണ്ട വിഹിതത്തെക്കാൾ കുറവായതിനാൽ ടി ശീർഷകത്തിൽ 48.44 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XVI—പെൻഷനും പലവകയും

2075-00-103-94-34-3—സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്- മറ്റു ചെലവുകൾ- മറ്റിനം

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ജില്ലാ ഓഫീസുകൾ, സബ് ഓഫീസുകൾ എന്നിവയുടെ നവീകരണത്തിനായി ടി ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ അധികമായി 61.48 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-103-92-06—സംസ്ഥാന ഭാഗ്യക്കുറിയുടെ റീജണൽ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം- വാടക, കരം, നികുതി.

എറണാകുളം മേഖല ജോയിന്റ് ഡയറക്ടർ ഓഫീസ്, ജില്ലാ ഭാഗ്യക്കുറി ഓഫീസ് എന്നിവയുടെ വാടക നൽകുന്നതിന് ടി ശീർഷകത്തിൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ അധികമായി 50.24 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00 -795-98—വീട് വായ്പ എഴുതിത്തള്ളൽ

ഭവനനിർമ്മാണ വായ്പ എഴുതിത്തള്ളൽ തുക 2 ലക്ഷം രൂപയിൽ നിന്ന് 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ ഇനത്തിൽ ചെലവ് വർദ്ധിക്കാനിടയുണ്ട്. മേൽസാഹചര്യത്തിൽ ഇപ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00-800-94—ഡിഫൻസ് സർവ്വീസുകളിലെ ധീരതയ്ക്കുള്ള കീർത്തിമുദ്രക്കർഹരായ വർക്കും ആശ്രിതർക്കും കാഷ് അവാർഡ് മറ്റു ചെലവുകൾ

ഈ ശീർഷകത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00 -800-81—കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം

നിലവിലുള്ള ഹജ്ജ് ഹൗസിനോടനുബന്ധിച്ചുള്ള വനിതാ ബ്ലോക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിലേയ്ക്കായി മേൽ ശീർഷകത്തിലെ വിഹിതം അപര്യാപ്തമായതിനാൽ അധികമായി 6.56 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00 -800-78—വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധനസഹായം

കേരള സ്റ്റേറ്റ് വഖഫ് ബോർഡ് സോഷ്യൽ വെൽഫയർ (കേരള) സ്കീം പ്രകാരം നൽകിവരുന്ന മാരകരോഗ ചികിൽസാ ധനസഹായം, വിവാഹധനസഹായം എന്നീ ഇനങ്ങളിൽ അപേക്ഷകർക്ക് ധനസഹായം നൽകുന്നതിനും പ്രതിമാസ പെൻഷൻ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുമായി ടി ശീർഷകത്തിലേക്ക് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാകയാൽ 10.4075 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2075-00 -800-52—തിരുവനന്തപുരം നഗരത്തിലെ യുദ്ധസ്മാരകം

തിരുവനന്തപുരം ജില്ലയിൽ യുദ്ധസ്മാരക നിർമ്മാണത്തിനായി ടി ശീർഷകത്തിൽ അധികമായി 8 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## പൊതുകടം തിരിച്ചടയ്ക്കൽ

6003-00-109-89—സർക്കാർ ജീവനക്കാരുടെ ഭവന പദ്ധതിയുടെ അടിസ്ഥാനത്തിൽ 2019 ജൂൺ മാസം പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നെടുത്ത വായ്പ

നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ അധികമായി 1.5 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XLV—പലവക വായ്പകളും മുൻകൂറുകളും

7610-00-201-99—ഭവന നിർമ്മാണ വായ്പകൾ-അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥന്മാർ

അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കുള്ള ഭവന നിർമ്മാണ വായ്പയ്ക്കായി 2019-20 സാമ്പത്തിക വർഷത്തിൽ ലഭിച്ച ഒരു അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചുവരുന്നതിനാലും 2021-22 സാമ്പത്തിക വർഷം ടി ഇനത്തിൽ അപേക്ഷകൾ ലഭിക്കാൻ സാധ്യതയുള്ളതിനാലും ടി ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

7610-00-201-98—സംസ്ഥാന സർവ്വീസ് ഉദ്യോഗസ്ഥന്മാർ.

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ തിരിച്ചടവിൽ അധികമായി തിരിച്ചടച്ച വായ്പാ തുക റീഫണ്ട് ചെയ്യുന്നതിലേയ്ക്കായി ടി ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാകയാൽ അധികമായി 1 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

2235-60-110-99-06—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്- വാടക, കരം, നികുതി

കെ.എസ്.ഐ.ഡി.-യും കെ.ടി.ഡി.എഫ്.സി.-യുമായുള്ള കരാറനുസരിച്ച് ഓരോ 3 വർഷം കൂടുമ്പോഴും വാടകയിനത്തിൽ 15% വർദ്ധനവ് വരുത്തേണ്ടതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110-99-21—മോട്ടോർ വാഹനങ്ങൾ

ഇൻഷ്വറൻസ് വകുപ്പിന്റെ രണ്ട് ജില്ലാ ഓഫീസുകളിലേക്ക് ഓരോ വാഹനം വീതം ലഭ്യമാക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 14 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110-98-01-4—ജില്ലാ ഓഫീസുകൾ- ശമ്പളം - മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

ടി ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 4 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110-98-05-4—ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ

32 പുതിയ തസ്തികകൾ സൃഷ്ടിച്ചതിനോടനുബന്ധിച്ച് 10 ജില്ലാ ഇൻഷ്വറൻസ് ഓഫീസുകൾ കൂടുതൽ പ്രവർത്തന സജ്ജമാക്കുന്നതിലേക്കായി ടി ശീർഷകത്തിലേക്ക് 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-110-97—<u>സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്  കംപ്യൂട്ടർവൽക്കരണം</u>

സോഫ്റ്റ്‌വെയറിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തൽ, വാർഷിക അറ്റകുറ്റപണികൾ, വിവര സാങ്കേതിക വിഭാഗത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ, പഴയവ മാറ്റിവാങ്ങൽ, ഒപ്റ്റിക്കൽ ഫൈബർ കണക്ടിവിറ്റി ചാർജ്ജുകൾ എന്നിവയ്ക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ  അധികമായി 2.5 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നികുതി വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പൊതു ആംനെസ്റ്റി സ്കീമിൽ ഓപ്ഷൻ സമർപ്പിക്കാനുള്ള അവസാന തീയതി 2021 ഓഗസ്റ്റ് 31-ൽ നിന്നും 2021 നവംബർ 30 ലേക്ക് നീട്ടുന്നതിന്  ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കുടിശ്ശിക Turn Over Tax അടയ്ക്കുന്നതിനുള്ള ഓപ്ഷൻ ഫയൽ ചെയ്യുന്ന തീയതി 2021 ജൂൺ 30 ൽ നിന്നും 2021 സെപ്റ്റംബർ 30 ആയും നികുതി ഒടുക്കുന്നതിനുള്ള തീയതി 2021 ജൂലൈ 31 ൽ നിന്നും 2021 ഒക്ടോബർ 31 ആയും നീട്ടുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ലോക്ഡൗൺ നിയന്ത്രണങ്ങൾ കാരണം വാഹനങ്ങൾ നിരത്തിൽ ഇറക്കാത്ത സാഹചര്യത്തിൽ ഓട്ടോറിക്ഷ, ടാക്സി എന്നിവ ഉൾപ്പെടെയുള്ള സ്റ്റേജ് കോൺട്രാക്റ്റ് ക്യാരേജുകൾക്ക്  ഒന്നാം ക്വാർട്ടർ നികുതി അടയ്ക്കുന്നതിനുള്ള കാലാവധി 2021 ഓഗസ്റ്റ് 31 വരെ നീട്ടി നൽകുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(യോഗം ഉച്ചയ്ക്കുശേഷം 12.50 -ന് അവസാനിച്ചു.)

## 2. 23-6-2021-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2021 ജൂൺ മാസം 23-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. ധനകാര്യവകുപ്പ് മന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തദ്ദേശസ്വയംഭരണം-ഗ്രാമവികസനം-എക്സൈസ് വകുപ്പുമന്ത്രി, ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററും ബഹു. സഹകരണം - രജിസ്ട്രേഷൻ വകുപ്പു മന്ത്രി ശ്രീ. വി. എൻ. വാസവനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
2. ഡോ. കെ. ടി. ജലീൽ
3. ശ്രീ. ഡി. കെ. മുരളി (ഓൺലൈൻ)
4. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
5. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
6. ശ്രീ. എൻ. ഷംസുദ്ദീൻ
7. ശ്രീ. കെ. വി. സുമേഷ് (ഓൺലൈൻ)
8. ശ്രീ. ഇ. കെ. വിജയൻ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ബിശ്വനാഥ് സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, നികുതി വകുപ്പ്.
2. ശ്രീ. എസ്. അനന്തകൃഷ്ണൻ, എക്സൈസ് കമ്മീഷണർ.
3. ശ്രീ. ജാഫർ എ. എം., ഡയറക്ടർ ഓഫ് ട്രഷറീസ്, ധനകാര്യ വകുപ്പ്.
4. ശ്രീ. പി. വി. ബാബു, ഡയറക്ടർ, ആസൂത്രണ സാമ്പത്തിക വകുപ്പ്.
5. ശ്രീ. കെ. ഇമ്പശേഖർ, ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്.

6. ശ്രീ. പി. കെ. സാജൻ കുമാർ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്.
7. ശ്രീ. ഡി. രാജീവ്, അഡീഷണൽ എക്സൈസ് കമ്മീഷണർ.
8. ശ്രീ. ബി. രാധാകൃഷ്ണൻ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ.
9. ശ്രീമതി ശോഭ വി. ആർ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
10. ശ്രീ. വി. ആർ. അനിൽ കുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്.
11. ശ്രീ. കെ. ഷെറിൻ, ഫിനാൻസ് ഓഫീസർ, എക്സൈസ് വകുപ്പ്.
12. ശ്രീ. അനിൽ കുമാർ എൻ., സീനിയർ സൂപ്രണ്ട്, ഓഫീസ് ഓഫ് ദ ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്.
13. ശ്രീ. മധുസൂദനൻ എ., സൂപ്രണ്ട്, സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ.

2021-22 സാമ്പത്തിക വർഷത്തെ മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ VII, എക്സൈസ് സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ VIII എന്നിവയിന്മേൽ സമിതി സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

2030-02-102-99—മുദ്രപത്ര വില്പനച്ചെലവുകൾ

നോൺ ജുഡീഷ്യൽ മുദ്രപത്രത്തിന്റെ വില്പനക്ക് അനുസരിച്ച് സ്റ്റാമ്പ് വെണ്ടർമാർക്ക് ഡിസ്കൗണ്ട് നൽകുന്നതിനാൽ മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 2.29 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2030-03-001-95-06—സബ് രജിസ്ട്രി ഓഫീസുകൾ - വാടക, കരം, നികുതി.

സബ്‌രജിസ്ട്രാർ ഓഫീസുകളുടെ വാടകയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ, ടി ശീർഷകത്തിൽ അധികമായി 25 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2030-03-001-94-05-4—കമ്പ്യൂട്ടർവൽകൃത റിപ്പോർട്ടിംഗ് സിസ്റ്റം ഏർപ്പെടുത്തൽ - ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

സബ്‌രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ കൺസ്യൂമബിൾസ്, യു.പി.എസ്., ബാറ്ററികൾ എന്നിവ യഥാസമയം ലഭ്യമാക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ VIII -എക്സൈസ്

2039-00-001-99-04-2—<u>മേൽനോട്ടം - യാത്രാ ചെലവുകൾ സ്ഥലംമാറ്റബത്ത</u>

എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റബത്ത പൂർണ്ണമായും മാറി നൽകാൻ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 2 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-05-1—<u>ഓഫീസ് ചെലവുകൾ - വെള്ളക്കരം</u>

വെള്ളക്കരം പൂർണ്ണമായും അടച്ച തീർക്കാൻ നിലവിലെ വിഹിതം അപര്യാപ്തമാകയാൽ, ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-05-4— <u>മറ്റിനങ്ങൾ</u>

എക്സൈസ് സർക്കിൾ ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-06 —<u>വാടക, കരം, നികുതി</u>

നടപ്പ് സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന വിഹിതം എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ പൂർണ്ണമായും അടച്ചുതീർക്കുന്നതിന് അപര്യാപ്തമാകയാൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-15—<u>രഹസ്യ സേവന ചെലവുകൾ</u>

എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ ശക്തമാക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ അധികമായി 3 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-21-2—<u>മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണ്. മേൽസാഹചര്യത്തിൽ ഈ ശീർഷകത്തിലേക്ക് 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-34-3—മറ്റ് ചെലവുകൾ - മറ്റിനം

എക്സൈസ് സർക്കിൾ ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണ്. ആയതിനാൽ അധികമായി 10 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-99-45—പി.ഒ.എൽ.

എക്സൈസ് സർക്കിൾ ഓഫീസുകളിലെ പി.ഒ.എൽ ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ അധികമായി 50 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98-04-2—റേഞ്ച് ഓഫീസുകൾ-യാത്രാ ചെലവുകൾ -സ്ഥലംമാറ്റബത്ത

എക്സൈസ് റേഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റബത്ത പൂർണ്ണമായും മാറി നൽകുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാകയാൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98-05-1—ഓഫീസ് ചെലവുകൾ- വെള്ളക്കരം

എക്സൈസ് റേഞ്ച് ഓഫീസുകളിലെ വെള്ളക്കരം പൂർണ്ണമായും അടക്കുന്നതിന് ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. മേൽ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98-05-4—മറ്റിനങ്ങൾ

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്ത മാകയാൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98-06—വാടക, കരം നികുതി

എക്സൈസ് റേഞ്ച് ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98-21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

എക്സൈസ് റേഞ്ച് ഓഫീസുകളിലെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98-34-3—മറ്റു ചെലവുകൾ -മറ്റിനം

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഓഫീസ് ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി ടി ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-98-45—പി.ഒ.എൽ.

എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഇന്ധന ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-97-21-2—വിജിലൻസ് വിഭാഗം -മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും.

വിജിലൻസ് ഓഫീസിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണിയും സംരക്ഷണവും ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ, 40,000 രൂപ ടി ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-97-45—പി.ഒ.എൽ.

വിജിലൻസ് ഓഫീസിലെ ഇന്ധന ചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 50,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-94-3 -4-3—എക്സൈസ് വകുപ്പിന്റെ നവീകരണം - മറ്റ് ചെലവുകൾ -മറ്റിനം

നടപ്പു സാമ്പത്തിക വർഷം എക്സൈസ് വകുപ്പിന്റെ നവീകരണത്തിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ പദ്ധതിയിനത്തിൽ അധികമായി 10.7425 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-88—<u>വിമുക്തി</u>

കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ (വിമുക്തി) പദ്ധതി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് നിലവിൽ വകയിരുത്തിയ തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി പദ്ധതിയിനത്തിൽ 22.93 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-87—<u>സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണം</u>

പ്രസ്തുത ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം തികച്ചും അപര്യാപ്തമാകയാൽ അധികമായി 5 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-86-04-1—<u>എക്സൈസ്-ക്രൈംബ്രാഞ്ച് വിഭാഗം-യാത്രാ-ചെലവുകൾ-യാത്രാബത്ത</u>

എക്സൈസ്-ക്രൈംബ്രാഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ യാത്രാബത്ത പൂർണ്ണമായും മാറി നൽകുന്നതിലേക്കായി ടി ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ അധികമായി 1.5 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-86-04-2—<u>സ്ഥലംമാറ്റബത്ത</u>

എക്സൈസ്-ക്രൈംബ്രാഞ്ച് ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റബത്ത പൂർണ്ണമായും മാറി നൽകുന്നതിലേക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ 10,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-86-21-2—<u>മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

എക്സൈസ്-ക്രൈംബ്രാഞ്ച് വിഭാഗത്തിന് വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ടി ശീർഷകത്തിലേക്ക് 1 ലക്ഷം രൂപ വകയിരുത്തണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-86-34-3—<u>എക്സൈസ്-ക്രൈംബ്രാഞ്ച് വിഭാഗങ്ങൾ-മറ്റ് ചെലവുകൾ - മറ്റിനം</u>

എക്സൈസ്-ക്രൈംബ്രാഞ്ച് വിഭാഗത്തിന് 2039-00-001-86-എന്ന ശീർഷകത്തിൽ 34-3 (മറ്റു ചെലവുകൾ - മറ്റിനം) എന്ന പുതിയ ഉപശീർഷകം അനുവദിക്കണമെന്നും ടി ശീർഷകത്തിൽ 50,000 രൂപ വകയിരുത്തണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2039-00-001-86-45—പി.ഒ.എൽ.

എക്സൈസ്-ക്രൈംബ്രാഞ്ച് വിഭാഗത്തിന് ഇന്ധനചെലവുകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാകയാൽ അധികമായി 3 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ലഹരി മരുന്നുപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യം നിലനിൽക്കുകയാണ്. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ് നമ്മുടെ കുട്ടികൾക്ക് നൽകി, അവരെ ഈ മഹാവിപത്തിന്റെ പിടിയിൽ നിന്നും സ്വയംരക്ഷ നേടുവാൻ പ്രാപ്തരാക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്. ലഹരി മരുന്നുപയോഗത്തിനെതിരെ കുട്ടികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിലേയ്ക്കായി ആയതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകുന്ന പാഠഭാഗങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ആഴ്ചയിൽ ഒരു പീരിയഡെങ്കിലും പ്രസ്തുത പാഠഭാഗങ്ങൾ കുട്ടികളെ പഠിപ്പിക്കാൻ സാധിക്കുന്ന വിധം ടൈംടേബിൾ പുനഃക്രമീകരിക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപമുള്ള കടകൾ വഴിയും വഴിയോര കച്ചവടക്കാർ മുഖേനയും വിദ്യാർത്ഥികൾക്ക് ലഹരിവസ്തുക്കൾ ലഭിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. മേൽ സാഹചര്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപം ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്ന കടകളോ, വഴിയോര കച്ചവടക്കാരോ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിന് പോലീസ് - എക്സൈസ് വകുപ്പുകളുടെ സംയുക്ത മേൽനോട്ടത്തിൽ ഓരോ വിദ്യാഭ്യാസ സ്ഥാപനവും പി.ടി.എ.-മദർ പി.ടി.എ. അംഗങ്ങൾ, അദ്ധ്യാപകർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ്തല ജനപ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ എന്നിവരെ കൂടി ഉൾപ്പെടുത്തി ജാഗ്രത സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരളത്തിൽ വ്യാപകമായി കഞ്ചാവ് കൃഷിയും വ്യാജവാറ്റും നടക്കുന്നതായും ലഹരിമരുന്ന് കച്ചവടം വളരെയധികം വർദ്ധിച്ചുവരുന്നതായും റിപ്പോർട്ടുകൾ ചൂണ്ടികാട്ടുന്നു. പ്രസ്തുത സാഹചര്യത്തിൽ എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനോടൊപ്പം ഓരോ പ്രദേശത്തെയും കുടുംബശ്രീ - ജാഗ്രതാ സമിതി - മറ്റ് അയൽക്കൂട്ട സംവിധാനങ്ങൾ മുഖേന വ്യാജവാറ്റ്, കഞ്ചാവ് കൃഷി, മയക്കുമരുന്ന് കച്ചവടം എന്നിവ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായുള്ള പദ്ധതി രൂപകൽപന ചെയ്യണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിനായി എക്സൈസ് റേഞ്ചുകൾ പുനർനിർണയിച്ച് അവയുടെ എണ്ണം വർദ്ധിപ്പിക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു എന്ന് സമിതി വിലയിരുത്തി. നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളുടെ അധികാര പരിധിയിൽ മാറ്റം വരുത്തി എക്സൈസ് റേഞ്ച് ഓഫീസുകളുടെ എണ്ണത്തിൽ ആവശ്യമായ വർദ്ധനവ് വരുത്തണമെന്നും എക്സൈസ് വകുപ്പിൽ അധിക ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും, റേഞ്ച് ഓഫീസുകളിൽ മെച്ചപ്പെട്ട പ്രവർത്തന സൗകര്യം ഉറപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(യോഗം ഉച്ചയ്ക്കുശേഷം 12.40-ന് അവസാനിച്ചു.)

## 3. 30-6-2021-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2021 ജൂൺ മാസം 30-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷനും ബഹു. ധനകാര്യവകുപ്പുമന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളും ബഹു. തദ്ദേശസ്വയംഭരണം ഗ്രാമവികസനം എക്സൈസ് വകുപ്പുമന്ത്രിയുമായ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററും, ബഹു. സഹകരണം രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുമായ ശ്രീ. വി. എൻ. വാസവനും സമിതിയുടെ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
2. ഡോ. കെ. ടി. ജലീൽ
3. ശ്രീ. ഡി. കെ. മുരളി (ഓൺലൈൻ)
4. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
5. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
6. ശ്രീ. എൻ. ഷംസുദ്ദീൻ (ഓൺലൈൻ)
7. ശ്രീ. കെ. വി. സുമേഷ്
8. ശ്രീ. ഇ. കെ. വിജയൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ബിന്ദു. എസ്. എൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എസ്. അനന്ദകൃഷ്ണൻ, എക്സൈസ് കമ്മീഷണർ
2. ശ്രീ. ഡി. രാജീവ്, അഡീഷണൽ എക്സൈസ് കമ്മീഷണർ
3. ശ്രീമതി ശ്രീജ. വി. ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്

4. ശ്രീ. എൻ. ശ്രീകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് (ഓൺലൈൻ)

5. ശ്രീമതി സോഫിയ. കെ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്(ഓൺലൈൻ)

6. ശ്രീ. ജി. ശ്രീനി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്. (ഓൺലൈൻ)

സമിതി, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ (2020-21) വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭ്യമായ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ടുകൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിശോധന :

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2019-20)

(ഫയൽ നം. 1810/സബ്.സി.ഇ 2/2020/നി.സെ.)

(റഫ: നം: PWR-A3/63/2020-POWER തീയതി 7-12-2020,

നികുതി-എഫ്3/116/2020/നി.വ. തീയതി 12-1-2021,

എസ്റ്റാ ഡി4/148784/2019/ധന തീയതി 18-1-2021,

1773247/എച്ച്.ബി.എ 2/47/2021- ധന. തീയതി 8-6-2021,

എൽ2/205/2020-ധന തീയതി 8-6-2021)

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക നം. 5-ലെ ശിപാർശയിന്മേൽ ഊർജ്ജ(എ) വകുപ്പും 13 മുതൽ 35 വരെ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (എഫ്) വകുപ്പും, 36, 37, 55, 56, 57, 58 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പും 45, 51 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ (എച്ച്.ബി.എ) വകുപ്പും 46, 52, 53, 54 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ (ലോൺസ്) വകുപ്പും ലഭ്യമാക്കിയ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2020-21)-ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു.

ട്രൈബൽ മേഖലയിൽ എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് പ്രധാന്യം നൽകികൊണ്ടുള്ള പ്രൊപ്പോസൽ ഗവൺമെന്റിന്റെ ഭാഗത്ത് നിന്നും ഉണ്ടാകണമെന്നും പലയിടങ്ങളിലും എക്സൈസ് റെയിഞ്ച് ഓഫീസുകൾ ട്രൈബൽ മേഖലയിൽ നിന്ന്

വളരെയധികം അകലെയാണെന്നും തന്മൂലം എത്തിച്ചേരാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെന്നും ആയതിനാൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ട്രൈബൽ മേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എക്സൈസ് റെയിഞ്ച് ഓഫീസുകൾ തുടങ്ങുന്നതിനും വാഹന സൗകര്യം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ട്രൈബൽ മേഖലയിൽ മദ്യത്തിന്റെ ഉപയോഗം കൂടുതലായതിനാൽ അത് നിയന്ത്രിക്കാൻ ഉള്ള നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടതിൽ, അട്ടപ്പാടി, മാനന്തവാടി മേഖലകളിൽ ധാരാളം വാറ്റ് പിടിക്കുന്നുണ്ടെന്നും അതിൽ കുറെയൊക്കെ തദ്ദേശവാസികൾ ചെയ്യുന്നതാണെന്നും കുറച്ചൊക്കെ പുറത്തുള്ള ആൾക്കാർ അവരെക്കൊണ്ട് ചെയ്യിക്കുന്നതാണെന്നും ആദിവാസികളെ റിമാന്റ് ചെയ്താൽ അവരുടെ ജീവിതം കൂടുതൽ ദുരിതത്തിലാകുമെന്നും എൻഫോഴ്സ്മെന്റ് കൊണ്ട് മാത്രം അവരെ ഈ ശീലത്തിൽ നിന്നും പൂർണ്ണമായി മുക്തരാക്കാൻ കഴിയില്ലെന്നും ആയതിനാൽ ജനമൈത്രിയിലൂടെ ബോധവൽക്കരണ പ്രവൃത്തികൾ നടന്നു വരുന്നെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

II. <u>കരട് റിപ്പോർട്ടുകളുടെ പരിശോധന</u>:

താഴെപ്പറയുന്ന റിപ്പോർട്ടുകളുടെ കരട് സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു:

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2021-22)

(ഫയൽ നം. 9276/സബ്.സി.ഇ 2/2021/നി.സെ.)

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2020-21)-ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

(ഫയൽ നം. 1810/സബ്.സി.ഇ 2/2020/നി.സെ.)

3. 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

(ഫയൽ നം. 7824/സബ്.സി.ഇ 2/2021/നി.സെ.)

ഉച്ചയ്ക്കുശേഷം 3.15-ന് യോഗം അവസാനിച്ചു.

## 4. 27-7-2021-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2021 ജൂലൈ മാസം 27-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിന് ശേഷം വൈകുന്നേരം 5.00 മണിക്ക് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയുമായ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ:</u>

1. ഡോ. കെ. ടി. ജലീൽ
2. ശ്രീ. ഡി. കെ. മുരളി
3. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
4. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
5. ശ്രീ. എൻ. ഷംസുദ്ദീൻ
6. ശ്രീ. കെ. വി. സുമേഷ്
7. ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. എസ്. ആനന്ദകൃഷ്ണൻ, എക്സൈസ് കമ്മീഷണർ, എക്സൈസ് വകുപ്പ്.
2. ശ്രീ. ഡി. രാജീവ്, അഡീഷണൽ എക്സൈസ് കമ്മീഷണർ, എക്സൈസ് വകുപ്പ്.
3. ശ്രീ. ജാഫർ എ. എം., ഡയറക്ടർ ഓഫ് ട്രഷറീസ്, ധനകാര്യ വകുപ്പ്.
4. ശ്രീ. ബാബു. പി. വി. , ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്.

5. ശ്രീ. റ്റി. പി. വിനോദൻ, ജോയിന്റ് ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്.

6. ശ്രീ. മധു. കെ., അഡീഷണൽ കമ്മീഷണർ, സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്.

7. ശ്രീ. എം. ഐ. മൻസൂർ, ജോയിന്റ് കമ്മീഷണർ (ഇന്റേണൽ ഓഡിറ്റ്), ഓഫീസ് ഓഫ് ദി കമ്മീഷണർ ഓഫ് കൊമേഴ്സ്യൽ ടാക്സ്.

8. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.

9. ശ്രീമതി വി. ആർ. രാജമ്മ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

10. ശ്രീമതി പ്രീത ബി. എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്.

11. ശ്രീ. എ. ഹബീബ്, ഡിവിഷണൽ ഓഫീസർ, വഖഫ് ബോർഡ്.

വീഡിയോ കോൺഫറൻസിലൂടെ യോഗത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ :

1. ഡോ. ഷർമിള മേരി ജോസഫ്, സെക്രട്ടറി, നികുതി വകുപ്പ്.

2. ശ്രീ. സൗരവ് ജയിൻ, സെക്രട്ടറി, എക്സൈസ് വകുപ്പ്.

3. ഡോ. എസ്. കാർത്തികേയൻ, ഡയറക്ടർ ഓഫ് ലോട്ടറീസ് ആന്റ് സ്പെഷ്യൽ കമ്മീഷണർ, സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്.

4. ശ്രീമതി ഷൈനി ജോർജ്, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

5. ശ്രീമതി ആനി ജൂല തോമസ്, ജോയിന്റ് ഫണ്ട് മാനേജർ, കിഫ്ബി.

പ്രസ്തുത യോഗത്തിൽ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.കൾ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, വിവിധ വകുപ്പുകൾക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേൽ ലഭ്യമായ കാലതാമസപത്രിക എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. കരട് ചട്ടങ്ങളുടെ പരിഗണന:

ചുവടെ ചേർത്തിരിക്കുന്ന കരട് ചട്ടങ്ങൾ സമിതി പരിഗണിക്കുകയും ഭേദഗതികൾകൂടാതെ അംഗീകരിക്കുകയും ചെയ്തു.

1. 2020-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതി.

(ഫയൽ നം. 4661/സബ്.സി. ഇ 2/2017/നി.സെ.;

റഫ. നം. ഇൻഫ്രാ2/52/2018/ധന. ; തീയതി 25-11-2020)

2. 2019-ലെ കേരള ട്രഷറി (ഭേദഗതി) ചട്ടങ്ങൾ
(ഫയൽ നം. 5294/സബ്.സി.ഇ 2/2020/നി.സെ.;
റഫ. നം. 743050/എസ്.എൽ3/50/ധന തീയതി 10-11-2020)

3. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തിക- സ്പെഷ്യൽ റിക്രൂട്ട്മെന്റ്.

(ഫയൽ നം. 1865/സബ്.സി.ഇ 2/2021/നി.സെ.;
റഫ. നം. നികുതി - എഫ്1/16168/2014- നിവ തീയതി 20-1-2021)

II. <u>എസ്. ആർ.ഒ.-കളുടെ സാധൂകരണം</u>

ചുവടെ ചേർത്തിരിക്കുന്ന എസ്.ആർ.ഒ.-കൾ സമിതി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ സാധൂകരണം നൽകുകയും ചെയ്തു:

**a. 2017-ലെ കേരള ചരക്കുസേവന നികുതി നിയമപ്രകാരം പുറപ്പെടുവിച്ച**

1. എസ്.ആർ.ഒ.നം. 52/2020
എസ്. ആർ.ഒ.നം. 53/2020
(ഫയൽ നം. 1064/സബ്.സി.ഇ 2/2020/നി.സെ.;
റഫ. നം. ബി1/3/2020/നി.വ. തീയതി 11-2-2020)

2. എസ്. ആർ.ഒ. നം. 63/2020
(ഫയൽ നം. 1284/സബ്.സി.ഇ 2/2020/നി.സെ.;
റഫ. നം. ബി1/5/2020/നി.വ. തീയതി 19-2-2020)

3. എസ്. ആർ.ഒ. നം. 160/2020
(ഫയൽ നം. 1940/സബ്.സി.ഇ 2/2020/നി.സെ.;
റഫ. നം. ബി1/26/2020/നി.വ. തീയതി 18-3-2020)

4. എസ്. ആർ. ഒ. നം. 285/2020

എസ്. ആർ. ഒ. നം. 286/2020

എസ്. ആർ. ഒ. നം. 287/2020

എസ്. ആർ. ഒ. നം. 288/2020

(ഫയൽ നം. 2103/സബ്.സി.ഇ 2/2020/നി.സെ.;

റഫ. നം. ബി1/33/2020/നി.വ. തീയതി 19-5-2020)

5. എസ്. ആർ. ഒ. നം. 314/2020

എസ്. ആർ. ഒ. നം. 315/2020

എസ്. ആർ. ഒ. നം. 316/2020
എസ്. ആർ. ഒ. നം. 317/2020
എസ്. ആർ. ഒ. നം. 318/2020
എസ്. ആർ. ഒ. നം. 319/2020
എസ്. ആർ. ഒ. നം. 320/2020
എസ്. ആർ. ഒ. നം. 321/2020
എസ്. ആർ. ഒ. നം. 322/2020
(ഫയൽ നം. 2508/സബ്.സി.ഇ 2/2020/നി.സെ.;
റഫ. നം. ബി1/35/2020/നി.വ. തീയതി 11-6-2020)

6. എസ്. ആർ. ഒ. നം. 349/2020
എസ്. ആർ. ഒ. നം. 353/2020
എസ്. ആർ. ഒ. നം. 354/2020
എസ്. ആർ. ഒ. നം. 355/2020
എസ്. ആർ. ഒ. നം. 356/2020
എസ്. ആർ. ഒ. നം. 357/2020
(ഫയൽ നം. 2660/സബ്.സി.ഇ 2/2020/നി.സെ.;
റഫ. നം. ബി1/38/2020/നി.വ. തീയതി 17-6-2020)

7. എസ്. ആർ. ഒ. നം. 470/2020
എസ്. ആർ. ഒ. നം. 471/2020
എസ്. ആർ. ഒ. നം. 472/2020
എസ്. ആർ. ഒ. നം. 473/2020
(ഫയൽ നം. 3240/സബ്.സി.ഇ 2/2020/നി.സെ.;
റഫ. നം. ബി1/54/2020/നി.വ. തീയതി 18-8-2020)

8. എസ്. ആർ. ഒ. നം. 631/2020
എസ്. ആർ. ഒ. നം. 643/2020
എസ്. ആർ. ഒ. നം. 646/2020
എസ്. ആർ. ഒ. നം. 648/2020
എസ്. ആർ. ഒ. നം. 649/2020
എസ്. ആർ. ഒ. നം. 650/2020
എസ്. ആർ. ഒ. നം. 651/2020
എസ്. ആർ. ഒ. നം. 652/2020
എസ്. ആർ. ഒ. നം. 653/2020

എസ്. ആർ. ഒ. നം. 654/2020
എസ്. ആർ. ഒ. നം. 655/2020
എസ്. ആർ. ഒ. നം. 672/2020
എസ്. ആർ. ഒ. നം. 673/2020
എസ്. ആർ. ഒ. നം. 674/2020
(ഫയൽ നം. 4337/സബ്.സി.ഇ 2/2020/നി.സെ.;
റഫ. നം. ബി1/58/2020/നി.വ. തീയതി 23-10-2020)

9. എസ്. ആർ. ഒ. നം. 685/2020
എസ്. ആർ. ഒ. നം. 686/2020
(ഫയൽ നം. 4527/സബ്.സി.ഇ 2/2020/നി.സെ.;
റഫ. നം. ബി1/68/2020/നി.വ. തീയതി 5-11-2020)

10. എസ്. ആർ. ഒ. നം. 749/2020
എസ്. ആർ. ഒ. നം. 750/2020
എസ്. ആർ. ഒ. നം. 752/2020
എസ്. ആർ. ഒ. നം. 753/2020
എസ്. ആർ. ഒ. നം. 758/2020
എസ്. ആർ. ഒ. നം. 759/2020
എസ്. ആർ. ഒ. നം. 760/2020
(ഫയൽ നം. 4819/സബ്.സി.ഇ 2/2020/നി.സെ.;
റഫ. നം. ബി1/81/2020/നി.വ. തീയതി 19-11-2020)

**b. അബ്കാരി ആക്ട് പ്രകാരം പുറപ്പെടുവിച്ച**

1. എസ്. ആർ.ഒ. നം. 223/2019
(ഫയൽ നം. 2222/സബ്.സി.ഇ 2/2019/നി.സെ. ;
റഫ.നം. 129/ജി3/2020/നി.വ. തീയതി 3-8-2020)
2. എസ്. ആർ.ഒ. നം. 547/2019
(ഫയൽ നം. 6463/സബ്.സി.ഇ 2/2019/നി.സെ. ;
റഫ.നം. 31/ജി3/2018/നി.വ. തീയതി 18-12-2020)

**c. 2003 -ലെ കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം പുറപ്പെടുവിച്ച**

എസ്. ആർ. ഒ. നം. 51/2020
(ഫയൽ നം. 849/സബ്.സി.ഇ 2/2020/നി.സെ.;
റഫ.നം. ബി3/196/18/നി.വ. തീയതി 3-2-2020)

## III. സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ വകുപ്പുകൾ ലഭ്യമാക്കിയ നടപടിപത്രികകളുടെ പരിഗണന

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2016-17).
(ഫയൽ നം. 4943/സബ്. സി. ഇ 2/2016/നി.സെ.;
റഫ. നം. ഇ 3/99/2020/നി.വ. തീയതി 9-11-2020)

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 15, 16 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (ഇ) വകുപ്പ് ലഭ്യമാക്കിയ നടപടിപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

